Vol. 21. No. 7.

# കൎമ്മലകുസുമം

# The Flower of Carmel



[illegible]

പ്രതിമാസപത്രിക.

July 1923.

# വിഷയവിവരണിക


പേജ്.

1. പഞ്ചാംഗം. 145
2. തിരുനാൾ മംഗളം. റവ. ഫാദർ സൈമൺ സി. ഡി. 146
3. കർമ്മലനാഥാകിർത്തനം. ശ്രീമാൻ കട്ടക്കയത്തിൽ തൊമ്മൻമാപ്പിള. 147
4. പ്രസാധകക്കുറിപ്പുകൾ. ”
5. കത്തോലിക്കാസഭ. (നി. വ. ദിവ്യശ്രീ 149
മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനം)
6. ഒരു പ്രതിയോഗിയുടെ സാക്ഷ്യം. (സ നാദം.) 150
7. മാർ തോമ്മാ ദശകം. (പദ്യം) ശ്രീമാൻ സി. എം. സെബാസ്ത്യൻ. 151
8. “വിശുദ്ധ കുർബാനയുടെ വാഴ്വ.” 152
ദിവ്യശ്രീ പൌലോസു പ്രാൻസീസു പട്ടക്കാരൻ.
9. പ്രഡറിക്ക ഒസ്സാനാം. റവ. ഫാദർ ഹില്ലാരിയോൻ സി. ഡി. 154
10. അൻഡിസിലെ ക്രിസ്തു. ശ്രീമാൻ കെ. ഇ. ചാക്കോ ബി. ഏ.
11. അന്നാമ്മ (ഒരു വേദാഗമകഥ) 157
ദിവശ്രീ മററത്തിൽ കുര്യൻകത്തനാർ.
12. ഞങ്ങളുടെ റോമ്മാകത്ത് ബ. കാപ്പിൽ കുര്യാക്കോസു ശ. റോമ്മാ. 159
13. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. സ്വന്തം കൊച്ചച്ചൻ. 163
14. തിരുഹൃദയ പൊതുനിയോഗം. 164
15. പുതിയ പ്രസിദ്ധീകരണങ്ങൾ, 165
16. വർത്തമാനസംഗ്രഹം. 166
17. മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ, ഔഷധക്കുറിപ്പുകൾ.


## ☞ വരിക്കാർ വായിച്ചിരിക്കേണ്ടതു്.

൧൯൨൮ ചിങ്ങമാസംകൊണ്ടു വരിപ്പണം തീരുന്ന കുസുമവരിക്കാർക്കും മേൽവിലാസത്തോടുകൂടെ കാണുന്ന പേരേടുനമ്പർ 1600 മുതൽ 2000 വരെയുള്ള രജിസ്റ്റർ നമ്പർകളിൽ പെട്ട കുടിശികക്കാർക്കും അടുത്ത ലക്കം വി. പി. അയക്കുന്നതാണെന്നും, മാസിക മടങ്ങുന്ന വരിക്കാർക്കു മേലാൽ അയക്കുന്നതല്ലെന്നുമുള്ള വിവരം ഞങ്ങളുടെ മാന്യവരിക്കാരെ അറിയിച്ചുകൊള്ളുന്നു. മാനേജർ.

### ഗ്രന്ഥാവലിയ്ക്കു പണമടച്ചവരുടെ പേരുവിവരം.

| | | | |
|---|---|---|---|
| | ,, | ,, പുതിയിടം മത്തായി അച്ചൻ. | 1 |
| ബ. ആലക്കളം മത്തായി അച്ചൻ. | 3 | ,, പഴ്യാത്തുമററത്തിൽ കുര്യച്ചൻ. | 1 |

## ഗ്രന്ഥാവലി ൧൯-ാം നമ്പർ.

റവ. ഫാദർ റൊമേയൂസ് സി. ഡി. എഴുതിയ “മാർപ്പാപ്പായുടെ അപ്രമാദിത്വവും അകത്തോലിക്കവാദങ്ങളും” എന്ന കൃതി ഗ്രന്ഥാവലിയുടെ സാമാന്യവലിപ്പത്തിൽ കുറെ അധികം വലുതാകയാൽ അടുത്തമാസത്തോടുകൂടിയേ അടിച്ചുതീരുകയുള്ളുവെന്ന വിവരം മാന്യവരിക്കാരേ അറിയിച്ചുകൊള്ളുന്നു. ഒരുരൂപാ മാത്രം അടച്ചിട്ടുള്ള വരിക്കാർ വീണ്ടും പണമയച്ചുതന്നു ഞങ്ങളെ സഹായിക്കേണ്ടതും അത്യാവശ്യമായിട്ടാണിരിക്കുന്നതു്.

മാനേജർ.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൧ ൧൧൦൪ എപ്പാക്തി ൮൩.

## ൧൯൨൮ ജൂലായി - ൧൧൦൩ മിഥുനം - കർക്കടകം.

| | | | | | |
|---|---|---|---|---|---|
| 1 | 17 | ഞാ | ✠ പന്തക്കു ൩-ാം ഞാ. ന. കു. ആ. | .ാ2 .൧ .2 | പ. |
| | | | ☞ അടുത്ത ചൊവ്വ കടം. | | |
| 2 | 18 | തി | ക. മറിയ. ഏലി. സന്ദർശനം ന. കു. വെ. | | വെ. |
| | | | കർമ്മ. സ. പൂ. ദ. വി | | |
| 3 | 19 | ചൊ | ✠ ന. പിതാ. ശ്രു. തോമ്മാശ്ലീഹാ. ന. കു. ചു. | | ചു. |
| | | | ചങ്ങനാശേരി വി. അപ്പസ്തോലിക്കാ നാമകാരണൻ. | | |
| | | | പാലാ, ചെമ്പിൽ, മൈലക്കൊമ്പ്, കോക്കമംഗലം, എങ്ങണ്ടൂർ, കൊഴുവനാൽ ഈ പള്ളികളിൽ ശ്രു തോമ്മാശ്ലീ. ഭുകറാന. | | |
| 4 | 20 | ബു | ന. പി. ശ്രു. തോമ്മാ. എം. ന. കു. വെ. | | ചു. |
| 5 | 21 | വ്യാ | ന. പി. ശ്രു. തോമ്മാ. എം. ന. കു. വെ. | | ചു. |
| 6 | 22 | വെ | ന. പി. ശ്രു. തോമ്മാ. എം. ന. കു. വെ | | ചു. |
| 7 | 23 | ശ | ന. പി. ശ്രു: തോമ്മാ. എം. ന. കു. വെ. | | ചു. |
| | | | ഇന്നു കർമ്മലമാതാവിൻ നവനാൾ തുടങ്ങുന്നു. | | |
| 8 | 24 | ഞാ | ✠ പന്ത. ൬-ാം ഞാ. ന. കു. ആ. | ൨൪ .൭൫ .2 .൫ | ചു. |
| 9 | 25 | തി | † മൽ. മല്പാ. മാർ അപ്രേം. ന. കു. വെ. | | വെ. |
| 10 | 26 | ചൊ | ന. പി. ശ്രു. തോമ്മാ. എട്ടാം. ന. കു. വെ. | | ചു. |
| 11 | 27 | ബു | പാ. വേദ. പീയൂസ് ന. ആ. കു. വെ. | | ചു. |
| 12 | 28 | വ്യാ | വേദ. നാസേബാറും കൂട്ടരും. ന. ആ. കു. വെ. | | ചു. |
| 13 | 29 | വെ | പാ. വേദ. അനക്ലേത്തോസ് ന. ആ. കു. വെ. | | ചു. |
| 14 ● | 30 | ശ | അ. മൽ. ബൊനവെന്തൂര. ന. ആ. കു. വെ. | | വെ. |
| 15 | 31 | ഞാ | ✠ പന്ത. ൭-ാം ഞാ. ന. കു. ആ. | .൯൦ .൩ .2 | പ. |
| 16 | 32 | തി | † കർമ്മലമാതാവു ന. ആ. കു. വെ. | | വെ. |
| | | | കർമ്മ. സ. പൂ. ദ. വി. കർമ്മലീത്താ ആശ്രമ ദേവാലയങ്ങളിൽ | | |
| | | | 'തോസ്ത്യസ് കോപാസ്ത്യസ്' ബന്ധവിമോചനം. | | |
| | | | ആലപ്പുഴ, കർമ്മലകൊവേന്ത ഈ പള്ളികളിൽ പ്രധാനതിരുനാൾ. | | |
| 17 | 1 | ചൊ | മൽ. അലേക്സ. ന. ആ. കു. വെ. | | വെ. |
| 18 | 2 | ബു | വേദ. സൂബ്രാസും മക്കളും ന. ആ. കു. വെ. | | ചു. |
| 19 | 3 | വ്യാ | † മൽ. വിന്നസന്തീസ്. ന. ആ. കു. വെ. | | വെ. |
| 20 | 4 | വെ | ക. വേദ. മർഗ്ഗരീത്താ. ന. ആ. കു. വെ. | | ചു. |
| 21 | 5 | ശ | ക. പ്രക്സേദ. ന. ആ. കു. വെ. | | വെ. |
| 22 | 6 | ഞാ | ✠ പന്തക്കു ൮-ാം ഞാ. ന. കു. ആ. | .ാ2 .൮ .൫ | പ. |
| | | | ☞ അടുത്ത ചൊവ്വാ ഇറച്ചി വിലക്ക് | | |
| 23 | 7 | തി | അ. വേദ. അപ്പോല്ലിനാരിസ്. ന. ആ. കു. വെ. | | ചു. |
| 24 | 8 | ചൊ | ശ്രു. യാക്കോ ശ്ലീഹാ. തലെ ന. ആ. കു. തലെ. | | റോ. |
| 25 | 9 | ബു | (✠) യാക്കോ ശ്ലീഹാ. ന. കു. വെ. | | ചു. |
| 26 | 10 | വ്യാ | വിശുദ്ധ അന്നാ അമ്മ. ന. ആ. കു. വെ. | | വെ. |
| 27 | 11 | വെ | വേദ. പന്തലയോൻ ന. ആ. കു. വെ. | | ചു. |
| 28 ● | 12 | ശ | വേദ. നസാരിയും കൂട്ടരും. ന. ആ. കു. വെ. | | ചു. |
| 29 | 13 | ഞാ | ✠ പന്ത. ൯-ാം ഞാ. ന. കു. ആ. | .൭൫ .൭ .2 | പ. |
| 30 | 14 | തി | വേദ. അബദോനും കൂട്ടരും. ന. ആ. കു. വെ. | | ചു. |
| 31 | 15 | ചൊ | † മൽ. അഗ്നാത്തീസ് ലിയോള. ന. ആ. കു. വെ. | | വെ. |



## തിരുനാൾ മംഗളം.

കേരളജനതാവലിയെ—
ച്ചോരചൊരിഞ്ഞും സദാപി കാത്ത മഹാൻ
ധീരതമൻ മാർ തോമ്മാ
വരമരുളും പുത്രനീ സുദിനം.

ഫാദർ സൈമൺ സി. ഡി.

# കർമ്മലകുസുമം.

പുസ്തകം ൨൧ } ൧൯൨൫ ജൂലൈ { ലക്കം ൧.

## കർമ്മലനാഥാകീർത്തനം

(സീമയകന്നൊരു... എന്ന മട്ട്)

വെന്തിങ്ങമാതാവേ! കർമ്മലമക്കളിൽ കാരുണ്യമേറുമമ്മേ!
വെന്തീട്ടമുള്ളോരു പൊല്പദമാശ്രയമെന്നുറച്ചെത്തിടുമീ
പാപിയിൽ ലേ-ശം-കൂറുദിക്കേണേ.
വിശുദ്ധശെമോൻസ്റ്റോക്കുമൂലമിച്ചൊല്ലെഴും. ദാനമേകിയ നാഥേ!
അശുദ്ധിയേശാതെന്നെ കൈകളാൽ താങ്ങി നീ രക്ഷിച്ചുകൊള്ളണമെ
കൈവിട്ടകിൽ-ഞാൻ-വീണുപോയേക്കും
നിൻസഭാചട്ടത്തിനൊത്തു ജീവിച്ചങ്ങെ വാഗ്ദാനംപോലെ സ്വർഗ്ഗ-
വാസലാഭാർത്ഥം നീ സാഹായ്യമേററവും ചെയ്യിവനിൽ കനിഞ്ഞു
രാപകൽ കാ-ത്തു-പാലിച്ചീടേണേ.
എൻെറ അമ്മെ! എൻെറ ആശ്രയമേ! മഹാ കാരുണ്യവാരിരാശേ!
നിൻെറ ദയയേറും നേത്രസരോജമീ ദാസനിലെപ്പോഴും നീ
ചേക്കണേ മേ-മ്മേൽ- താമസിക്കല്ലേ.
ലോകമായകളിൽ ചായാതെ വൈരിതൻ കണ്ണിയിൽ പാഞ്ഞിടാതെ
ശോകമോദാദിയിലൊട്ടും ചലിയാതെ നമ്മേ മറിയമേ! നീ
കൂറോടു കാ-ത്തു-കൊള്ളണമെന്നും.
പാപികൾ ശീസ്മക്കാരജ്ഞാനികളാദിയായോർ തിരിഞ്ഞു രക്ഷ
പ്രാപിപ്പാൻ വേഗത്തിൽ സംഗതിയാക്കുവാനീശനോടെപ്പോഴും നീ
സ്ത്രീകുലമൗ-ലെ- പ്രാർത്ഥിച്ചീടേണേ.
ഓ മരിയേ! നീ ശ്രേഷ്ഠരാജ്ഞിയത്രേ ലോകമെല്ലാം നിനക്കു
കീഴ്‌വഴങ്ങീടുന്നു എൻെറയാത്മാവിനെ കാത്തുരക്ഷിക്കണമെ
ദൈവമാ താ-വേ- സ്തോത്രമങ്ങേയ്ക്ക്.

കട്ടക്കയത്തിൽ തൊമ്മൻമാപ്പിള.

## പ്രസാധകക്കുറിപ്പുകൾ.

### കർമ്മലനാഥയുടെ തിരുനാൾ.

ഉത്തരീയധാരണം കത്തോലിക്കനാകുന്നതിനു ഒഴിച്ചുകൂടാത്ത ഒരനുഷ്ഠാനമാണെന്നു കേരളീയ കത്തോലിക്കരിൽ ആരുംതന്നെ വാദിക്കുമെന്നു തോന്നുന്നില്ല. എങ്കിലും ദൈവജനനിയുടെ തിരുഉത്തരീയംധരിക്കാത്ത ഒരു നല്ല കത്തോലിക്കനേ

കേരളത്തിൽ കണ്ടുകിട്ടാൻ പ്രയാസമാണു. നിത്യനരകാഗ്നിയിൽ നിന്നു രക്ഷപെടുന്നതിനുള്ള ഒരു ഉത്തമ ആയുധമായിരിക്കുന്ന ഈ പരിശുദ്ധ ഉത്തരീയത്തിന്മേൽ നമ്മുടെ കത്തോലിക്കാ ജനങ്ങൾ ഇത്ര മുറുക്കി പിടിച്ചിരിക്കുന്നതു മലങ്കരസഭയ്ക്കു ഒരു വലിയ ദൈവാനുഗ്രമെന്നേ കരുതാനുള്ളു. ആകയാൽ തന്റെ വാഗ്ദാനത്തെ നിറവേററുന്നതിന്നു പരിശുദ്ധ കർമ്മലനാഥ അശക്തയായി ഭവിക്കാത്ത കാലത്തോളം ഈ ഭക്തിയിൽ നാം സുസ്ഥിരമായി നില്ക്കുകയും, ഈ തിരുനാൾ നാം സാഘോഷം കൊണ്ടാടുകയും ചെയ്യേണ്ടിയിരിക്കുന്നു. കർമ്മലനാഥയുടെ തിരുനാൾ 'കുസുമ' വായനക്കാർക്കെല്ലാം മംഗളമായി പരിണമിക്കുന്നതിനു ഈ അമ്മ കടാക്ഷിക്കുമാറാകട്ടെ!

## മാർത്തോമ്മാദിനം

കേരളീയർ പിതൃഭക്തിയിൽ ഒട്ടും പിന്നോക്കമല്ലെങ്കിലും അതിനെ പ്രദർശിപ്പിക്കുന്നവിഷയത്തിൽ മററുപലരും അവരെ ജയിക്കുന്നുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇതര രാജ്യക്കാർ അവർക്കു ആദ്യമായി സുവിശേഷം പ്രസംഗിച്ച സിദ്ധന്മാരോടു കാണിക്കുന്ന പ്രസിദ്ധമായ സ്നേഹബഹുമാനങ്ങളുടെ മുമ്പാകെ നമ്മുടേതു ഇനിയും വളരെ തുച്ഛമായിട്ടുതന്നേയിരിക്കുന്നു. മാർത്തോമ്മാദിനം നമുക്കു അതുല്യമായ ഒരു ജാതീയ മഹോത്സവത്തിന്റെ ദിനമായിരിക്കേണ്ടതാണ്. മന്ദീഭവിച്ചിരിക്കുന്ന നമ്മുടെ വേദപ്രചാരണ പ്രസക്തിയേ പ്രോജ്വലിപ്പിക്കുന്നതിനു ഇതുപോലെ തക്ക ഒരവസരമേതാണുള്ളത്? ചില സ്ഥലങ്ങളിലെല്ലാം ഏതദ്വിഷയകമായി ചില ശ്രമങ്ങളൊക്കെ ചെയ്യുന്നുണ്ടെങ്കിലും അവ പ്രായോഗിക പദ്ധതിയിലെത്തിയിട്ടുണ്ടെന്നു ഇപ്പോഴും പറയാറായിട്ടില്ല. ചങ്ങനാശ്ശേരി മിസ്സത്തിൽ ഈ സുദിനം ഇരട്ടിപ്പുടിയ്ക്കു കൊണ്ടാടേണ്ടതായിട്ടാണിരിക്കുന്നതു. മാർതോമ്മാമെത്രാനച്ചൻ തിരുമനസ്സിലേ തിരുനാളും ഈ ദിവസം തന്നേ വരുന്നതിനാൽ ആഘോഷത്തിനുള്ള ആവശ്യകത പ്രബലപ്പെടുന്നു. കത്തോലിക്കാ അരൂപി ഉത്തരോത്തരം കേരളത്തിൽ ശക്തിപെടുന്നതിന്നു മാർത്തോമ്മാദിനം പ്രയോജകീഭവിക്കട്ടെ!

## കേരളീയ സർവ്വകലാശാല

പൊതുജനാഭിപ്രായം അറിയുന്നതിലേക്കു സർവ്വകലാശാല കമ്മററിക്കാർ ഏതാനും ചോദ്യങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. യൂണിവേർസിററി എവിടെ വേണമെന്നും എങ്ങിനെ വേണമെന്നുമുള്ളതിനേ സംബന്ധിച്ചാണു ചോദ്യങ്ങളിൽ ഏറിയപങ്കും. കൊച്ചിദിവാൻ അവർകളുടെ ആദ്ധ്യക്ഷത്തിൽ നി. വ. ദിവ്യശ്രീ മാർ ഫ്രാൻസീസ് മെത്രാനച്ചൻ ആദിയായ മഹാന്മാർ അടങ്ങിയ ഒരു യോഗം ഏതൽ കാര്യത്തെപ്പററി ആലോചിക്കുന്നതിലേയ്ക്കു തൃശ്ശൂർവച്ചു നടന്നുകഴിഞ്ഞിരിക്കുന്നു. അഭിപ്രായം പറയുന്നതിനു അർഹതയും പ്രാപ്തിയുമുള്ള ആളുകൾ നേരത്തേ കൂടി വേണ്ടതു പ്രവൃത്തിക്കാത്തപക്ഷം, കമ്മററിയിലേക്കുള്ള സാമാജികന്മാരുടെ തെരഞ്ഞെടുപ്പിൽ സംഭവിച്ചതുപോലെ ഒടുവിൽ മനസ്താപത്തിനു ഇടയായേക്കുമെന്നേ ഇക്കാലം ഞങ്ങൾ പറയുന്നുള്ളു.

## 'ക്രിസ്ത്യൻ' പത്രം.

തൃശ്ശിവപേരൂർനിന്നു പ്രതിവാരം പുറപ്പെട്ടു തുടങ്ങിയിരിക്കുന്ന ഞങ്ങളുടെ ഈ മാന്യ സഹജീവിക്കു എട്ടാം ലക്കമാനതിനോടെ ചില കഷ്ടകാലങ്ങൾ നേരിട്ടിരിക്കുന്നതിൽ ഞങ്ങൾ സഹതപിക്കുന്നു. 'ക്രിസ്ത്യൻ' പത്രത്തിന്റെ സ്വരം കുറേ പരുഷമായി ഞങ്ങൾക്കു ആദ്യം തന്നെ തോന്നിയിട്ടുള്ളതാണ്. എങ്കിലും ന്യായം വിട്ടു യാതൊന്നും ഞങ്ങളുടെ സഹജീവി സംസാരിക്കയുണ്ടായിട്ടില്ല. കൊച്ചിയിലെ ക്രിസ്ത്യാനികൾ അനുഭവിക്കുന്ന അസമത്വ ക്ലേശത്തെ വിശദമായി പൊതുജനസമക്ഷം കൊണ്ടുവരുന്നതിനു മാത്രമാണ് ഈ പത്രം ശ്രമിച്ചിട്ടുള്ളത്. ന്യായസംയുക്തമായ ഈ പ്രസ്ഥാനത്തെക്കുറിച്ചു മാത്രം കൊച്ചി ഗവർമ്മെൻറു വല്ല കടുംകയ്യും പ്രയോഗിക്കുന്നതായാൽ അതു ക്രിസ്ത്യാനികളോടു പൊതുവേയുള്ള ഒരു അന്യായ കൃത്യമായി കരുതേണ്ടിയിരിക്കുന്നു.

# കത്തോലിക്കാസഭ

(നി. വ ദിവ്യശ്രീ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനം)

"നീ എൻെറ കുഞ്ഞാടുകളെ മേയിക്കു; നീ എൻെറ ആടുകളെ മേയിക്കു" (യോഹ. ൨൧; ൧൬, ൧൭)

ബ. അച്ചന്മാരെ, സ്നേഹിക്കപ്പെട്ട വിശ്വാസികളെ,

മ്ശിഹാ സകല മനുഷ്യർക്കും വേണ്ടിയും തൻെറ തിരുരക്തം ചിന്തി തന്നെത്തന്നെ ബലി സമർപ്പിച്ചിരിക്കുന്നു. എങ്കിലും അവിടുന്ന് അരുളിച്ചെയ്യുന്നതുപോലെ സ്വർഗ്ഗസ്ഥനായ പിതാവിൻെറ തിരുമനസ്സു നിറവേറുന്നവൻ മാത്രമെ സ്വർഗ്ഗപ്രാപ്തനാവുകയുള്ളു. (വി. മത്തായി ൭. ൨൧) ആകയാൽ അവിടുന്നു നിശ്ചയിച്ചിരിക്കുന്ന മാർഗ്ഗങ്ങളെ അവിടുത്തെ ഇഷ്ടാനുസരണം ഉപയോഗിച്ചെങ്കിൽമാത്രമെ രക്ഷപെടുകയുള്ളു.

അദൃശ്യമായ അഥവാ കാണാൻപാടില്ലാത്ത വിവിധ ദൈവാനുഗ്രഹങ്ങളെ നമുക്കു നൽകുന്ന മാർഗ്ഗങ്ങളായി കൂദാശകളെ അവിടുന്നു സ്ഥാപിക്കയും, ഈ കൂദാശകളെ നമുക്കു തരുന്നതിനും ദൃശ്യമായ അഥവാ കാണാവുന്ന ക്രിസ്തീയസഭയുടെ ഭരണസൗകര്യത്തിനുംവേണ്ടി, ദൃശ്യമായ ഒരു പ്രധാന നേതാവിനേയും മററു നേതാക്കന്മാരെയും അവിടുന്നു സ്ഥാപിക്കയും ചെയ്തിരിക്കുന്നു. മനുഷ്യൻ വഴിയായി പാപം ലോകത്തിൽ പ്രവേശിച്ചതുപോലെതന്നെ മനുഷ്യൻ വഴിയായി രക്ഷയും ഉണ്ടാകേണ്ടതാകുന്നു. ഇതിനാൽ അറുതിയില്ലാത്ത മഹത്വമുള്ള ദൈവത്തിൻെറ ഇഷ്ടത്തിനു പ്രതികൂലമായി മനുഷ്യൻ ചെയ്ത പാപത്തെ പരിഹരിക്കുന്നതിനായി അന്തമില്ലാത്ത യോഗ്യതയുള്ള ദൈവപുത്രൻ മനുഷ്യനായി അവതരിക്കയും തൻെറ മരണശേഷം മനുഷ്യഗണത്തെ അവിടുത്തെ ഇഷ്ടാനുസരണം ഭരിച്ചു നടത്തിക്കൊണ്ടുപോകുന്നതിനായി മനുഷ്യരെത്തന്നെ നിശ്ചയിക്കയും ചെയ്തു. ഇതിലേക്കു അവിടുത്തെ ശ്ലീഹന്മാരെ നിയോഗിക്കുകയും അവരുടെ നായകത്വം വി. പത്രോസിനു നൽകുകയുംചെയ്തു. അന്നുമുതൽ ഇന്നേവരെ വിശുദ്ധ പത്രോസിൻെറ പിൻഗാമിയായ മാർപ്പാപ്പായും ശേഷം ശ്ലീഹന്മാരുടെ അനന്തരഗാമികളായ മെത്രാന്മാരും മിശിഹായുടെ സത്യമാർഗ്ഗം മനുഷ്യവർഗ്ഗത്തിന് ചൂണ്ടിക്കാണിച്ചു കൊടുത്തുകൊണ്ടിരിക്കയും ചെയ്യുന്നു.

ആകയാൽ മിശിഹായുടെ അനുഗാമികളുടെ ഒരു സമൂഹമായ ഈ തിരുസഭയെ, അധ്യാപകസഭ അഥവാ പഠിപ്പിക്കുന്ന സഭയെന്നും, അധ്യയനസഭ അഥവാ പഠിക്കുന്ന സഭയെന്നും രണ്ടായി വിഭജിക്കാം. "നീ പാറയാകുന്നു ഈ പാറമേൽ ഞാൻ എൻെറ പള്ളിയേപ്പണിയും, നരകവാതിലുകൾ അതിനു വിരോധമായി ബലപ്പെടുകയില്ല. പിന്നെയും സ്വർഗ്ഗരാജ്യത്തിൻ താക്കോലുകളേയും ഞാൻ നിനക്കു തരും; നീ ഭൂമിമേൽ കെട്ടുന്നതെന്തോ അതു സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിമേൽ അഴിക്കുന്നതെന്തോ അതു സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (വി. മത്തായി ൧൬. ൧൯) എന്ന് വിശുദ്ധ പത്രോസിനോടു തനിച്ചും, നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" (വി. മത്തായി ൧൮. ൧൮) എന്നും "നിങ്ങൾ ലോകത്തിലെങ്ങുംപോയി സകല സൃഷ്ടികൾക്കും സുവിശേഷം പ്രസംഗിപ്പിൻ" (വി. മർക്കോസ് ൧൬. ൧൫) എന്നും, അവിടുത്തെ ശിഷ്യഗണത്തോടു പൊതുവിലും അവിടുന്നു അരുളിച്ചെയ്യുന്ന ദിവ്യവാക്യങ്ങളാൽ അധ്യാപകസഭയ്ക്കും അതിൻെറ നേതാവിനും നമ്മുടെ കർത്താവു കൊടുത്തിരിക്കുന്ന അധികാരശക്തിയും, അതിന് അധ്യയനസഭ അഥവാ പഠിക്കുന്ന സഭ പരിപൂർണ്ണമായി കീഴ്പെടേണ്ട

ആവശ്യവും നമ്മേ വിശദമായി മനസ്സിലാക്കുന്നു. പിന്നെയും "ഞാൻ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെ ഉണ്ടു്" (വി. മത്തായി ൨൮. ൨൦) എന്ന അവിടുത്തെ ദിവ്യവചനത്താൽ പരമരഹസ്യമായ പരിശുദ്ധ കുർബ്ബാനമൂലം നമ്മുടെ ഇടയിലുള്ള അവിടുത്തെ സാന്നിധ്യത്തെ നമ്മേ മനസ്സിലാക്കുന്നതിനു പുറമേ സഭയുടെ ഭരണകർത്താക്കന്മാരെ ഭരണവിഷയത്തിൽ സഹായിച്ചുകൊണ്ടു് അവരുടെ ഇടയിൽ തൻെറ പ്രത്യേക സാന്നിധ്യത്തെ സ്ഥാപിക്കുമെന്നു് നമ്മേ ധരിപ്പിക്കയും ചെയ്യുന്നു. ഭൂലോകത്തിലെ വിവിധങ്ങളായ അപകടങ്ങളുടെ ഇടയിൽക്കൂടി സ്വർഗ്ഗരാജ്യത്തിലേക്കു പ്രയാണംചെയ്യുന്ന നമുക്കു അപകടംപററാതെ നിശ്ചിതസ്ഥലത്തു എത്തുന്നതിനു ഈ അധ്യാപകസഭ നമ്മേ ചൂണ്ടിക്കാണിച്ചുതരുന്ന മാർഗ്ഗങ്ങളിൽക്കൂടിത്തന്നെ യാത്രചെയ്യേണ്ടതു് അത്യാവശ്യമാകുന്നു എന്നു് നിങ്ങൾ നല്ലവണ്ണം ഓർക്കേണ്ടതാകുന്നു.

നമ്മുടെ കർത്താവീശോമിശിഹാ സ്ഥാപിച്ച സത്യസഭയുടെ യഥാർത്ഥ തലവൻ അവിടുന്നുതന്നെയാകുന്നു. എങ്കിലും ഈ ദിവ്യതലവൻ മരണംമൂലം നമുക്കു അപ്രത്യക്ഷനായിരിക്കയാൽ അവിടുത്തെ ആജ്ഞാനുസരണം ദൃശ്യമായ ഈ സഭയെ ഭരിക്കുന്ന ദൃശ്യാധ്യക്ഷൻ, തൻെറ വികാരിയായ വി. പത്രോസു മുതൽ ഇന്നേവരെ ആ സ്ഥാനത്തു് അതേ സിംഹാസനത്തിന്മേൽ സ്ഥിതിചെയ്തുകൊണ്ടു നമ്മേ ഭരിക്കുന്ന മാർപ്പാപ്പായാകുന്നു. നമ്മുടെ കർത്താവു പരിശുദ്ധ കുർബ്ബാനയേയും പത്രോസിൻെറ പ്രധാനാചാര്യത്വത്തേയുംകുറിച്ചു് അരുളിച്ചെയ്തിട്ടുള്ളതുപോലെ ഇത്ര വിശദമായി വീണ്ടും വീണ്ടും യാതൊന്നിനെക്കുറിച്ചും പ്രസ്താവിച്ചിട്ടില്ല. "നിങ്ങളോ ഞാൻ ആരാകുന്നു എന്നു പറയുന്നു?" എന്ന നമ്മുടെ ദിവ്യരക്ഷകൻെറ ചോദ്യത്തിനു മററു ശിഷ്യന്മാർ മൗനമായിരിക്കെ പത്രോസു ഒരുവൻമാത്രം "നീ ജീവനുള്ള ദൈവപുത്രനായ ക്രീസ്തുവാകുന്നു" എന്നു മറുപടി പറയുന്നു. (വി. മത്തായി ൧൬. ൧൬.) "യോഹന്നാൻെറ പുത്രനായ ശെമോനെ ഇവരേക്കാൾ നീ എന്നെ അധികം സ്നേഹിക്കുന്നുവോ?" (വി. യോഹ. ൨൧. ൧൫.) എന്നു നമ്മുടെ കർത്താവു മൂന്നു പ്രാവശ്യം ആവർത്തിച്ചു ചോദിക്കയും രണ്ടു പ്രാവശ്യം "ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നും, മൂന്നാം പ്രാവശ്യം വ്യസനത്തോടുകൂടി, "കർത്താവേ, നീ സകലതും അറിഞ്ഞിരിക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നുവല്ലോ" എന്നും പറയുന്നു. അപ്പോൾ കർത്താവു് "നീ എൻെറ കുഞ്ഞാടുകളെ മേയിക്ക. നീ എൻെറ കുഞ്ഞാടുകളെ മേയിക്ക" എന്നു രണ്ടു പ്രാവശ്യം അരുളിച്ചെയ്തശേഷം, "നീ എൻെറ ആടുകളെ മേയിക്ക" എന്നും അരുളിച്ചെയ്യുന്നു. (വി. യോഹ. ൨൧, ൧൫–൧൭) ഈ വാക്യംമൂലം സമസ്ത വിശ്വാസികളേയും സകല ഭരണകർത്താക്കന്മാരേയും നമ്മുടെ കർത്താവു് വി. പത്രോസിൻെറ അധികാരത്തിനു കീഴ്പെടുത്തുന്നു. പത്രോസിൻെറ വീഴ്ചയെ മുൻകൂട്ടി കണ്ടറിഞ്ഞിരുന്ന കർത്താവു "നീ ഒരിക്കൽ മനസ്സുതിരിഞ്ഞു നിൻെറ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക" (വി. ലൂക്കാ ൨൨–൩൨) എന്നരുളിച്ചെയ്യുന്നു. ഇതിനും പുറമെ വിശുദ്ധ പത്രോസിൻെറ പ്രധാനാചാര്യത്വത്തെ സ്ഥാപിക്കുന്നതിനു് അനേക ന്യായങ്ങൾ വേദപുസ്തക വാക്യങ്ങളിൽനിന്നുതന്നെ നമുക്കു സ്പഷ്ടമായി കാണാവുന്നതാണു്.

(തുടരും)

## ഒരു പ്രതിയോഗിയുടെ സാക്ഷ്യം.

മാർപ്പാപ്പായുടെ സ്ഥാനമാഹാത്മ്യത്തെപ്പററി കൊൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന നിക്കോദീമൂസ്, പറഞ്ഞിട്ടുള്ള ഒരു ഭാഗം പ്രത്യേ

കം ശ്രദ്ധാർഹമായിരിക്കുന്നുണ്ട്. ഗ്രീസിലെ ഇടത്തുട്ടുകാരുടെ മേധാവിയായിരുന്ന ഇദ്ദേഹത്തിന്റെ അഭിപ്രായത്തെ, ഇക്കാര്യത്തിൽ, ഒരു പ്രതിയോഗിയുടെ സാക്ഷ്യം എന്നുവേണമല്ലൊ പരിഗണിക്കാൻ. അദ്ദേഹം പറയുന്നു. "പാപ്പാസ്ഥാനത്തിന്റെ അധഃപതനത്തെ ബുദ്ധിയുള്ള ഗ്രീക്കുകാർ ആഗ്രഹിക്കുകയില്ല. ക്രിസ്തീയനാമത്തിന്റെ എല്ലാ ശത്രുക്കളുടെയും അക്രമങ്ങളെ തടുത്തുനിൽക്കുന്നതിനുവേണ്ടി ക്രിസ്തുമതത്തിന്റെ ഏററവും ശക്തിമത്തായ ആ കോട്ടയെ (പാപ്പാസ്ഥാനത്തെ) നിലനിർത്തണമെന്നാണു അവർ തങ്ങളുടെ ഹൃദയത്തിന്റെ അഗാധത്തിൽനിന്നു ദൈവത്തെ പ്രാർത്ഥിക്കുന്നതു. പാപ്പാസ്ഥാനം ജയിക്കപ്പെടുന്നപക്ഷം ഇപ്പോൾ ക്രിസ്തുമതം അവലംബിച്ചിരിക്കുന്നവർ അനർത്ഥഗർത്തത്തിൽ നശിക്കും......... കത്തോലിക്കാ മതം മാത്രം അവിഭിന്നമായി നിൽക്കുന്നു. പാപ്പാസ്ഥാനത്തിന്റെ സാന്നിദ്ധ്യംകൊണ്ടാണു ഈ ഐക്യം സാധിക്കുന്നതു്. ക്രിസ്തുമതത്തിന്റെ സഹജീവമായ ശക്തിയാകുന്നു പാപ്പാസ്ഥാനം; അതിന്റെ നാശത്തെ കാംക്ഷിക്കുന്നവർ, യേശുക്രിസ്തുവിന്റെ സഭയ്ക്കു വിരോധമായി നരക കവാടങ്ങൾ പ്രബലപ്പെടട്ടെ എന്നാണു ആഗ്രഹിക്കുന്നതു്".

ഈ ഒടുവിൽ പറഞ്ഞ വാക്കുകൾ എത്ര അർത്ഥവത്തായിരിക്കുന്നു. കത്തോലിക്കാ സഭയിലെ ഒന്നാമത്തെ മാർപ്പാപ്പയായ വിശുദ്ധ പത്രോസിനോടു ക്രിസ്തു അരുളിച്ചെയ്ത വാക്കുകളുടെ സാരൂപ്യമാണല്ലൊ അതിൽ അന്തർഭവിച്ചിരിക്കുന്നതു്. വാസ്തവത്തിൽ നരകവാതിലുകൾക്കു വിധേയമാകാതെ നിലനിൽക്കുന്ന ഒരേ ഒരു സഭ, മാർപ്പാപ്പായുടെ ഏകച്ഛത്രാധിപത്യത്തിൽ സുരക്ഷിതമായ കത്തോലിക്കാസഭ മാത്രമാകുന്നു. കേരളത്തിലെ അകത്തോലിക്കർ – പ്രതിനിമിഷം പരസ്പരം ഭിന്നിച്ചു വിവിധകക്ഷികളായി തിരിഞ്ഞുകൊണ്ടിരിക്കുന്ന ക്രിസ്തീയ സഹോദരന്മാർ– ഇനിയും ഇത്തരം വിലയേറിയ സാക്ഷ്യത്തിന്റെ യാഥാർത്ഥ്യം ഗ്രഹിക്കാറായില്ലന്നോ! 'ക്രിസ്തുമതത്തിന്റെ ഏററവും ശക്തിമത്തായ ആ കോട്ടയിൽ' അഭയം പ്രാപിക്കാൻ അവരുടെ അനുഭവം തന്നെ അവരെ പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്നില്ലയോ? 'സ. നാദം'.

## മാർത്തോമ്മാ ദശകം.

മാത്തോമ്മയെന്നമലനാമമെഴുന്നസിദ്ധൻ (ൻ;
തീത്തുവാൻകഴിവെഴാത്ത ഗുണങ്ങളാന്നോ
ആത്തോപമാനനിവനിൽ കനിയേണമെന്നും
പേത്താത്തുതൻപദമഹം സ്തുതിചെയ്തിടുന്നു. 1

കായംകടുത്ത കുരിശിൽബ്ബലിയാക്കി വീണ്ടും
സ്വായത്തമായുയിരുദേശികനെന്ന സത്യം
മായംവിനാ വിരലുതൊട്ടിഹ വിശ്വസിച്ച
ന്യായപ്രിയന്റെ കരതാരിനുകൂപ്പിടുന്നേൻ. 2

വാത്സല്യമാന്നഗുരുവിന്റെ നിദേശമേററു
സത്സമ്മതിക്കവനിയിൽത്തെളിവാക്കുവാനായ്
ഉത്സാഹമോടു നിജകൂട്ടരെവിട്ടു ഭോഗം
നിസ്സാരമായ് കരുതിവാണ ഗുരോ! നമസ്തേ! 3

ഇക്കേരളോർവ്വിയിലനശ്വരസത്യവേദ–
ത്തീക്കേറിടും വിമലകാന്തി പടത്തുവാനായ്
ഊക്കേറിടുന്ന ജലരാശികടന്നു വന്നോ–
രക്കേമനായ ഗുരുശിഷ്യനു കുമ്പിടുന്നേൻ. 4

ദീനക്കുസൗഖ്യ,മദൃശക്കു കാഴ്ചയത്യ–
ന്താനന്ദമാഗ്ഗതസുഖക്കു,മൃതക്കുജീവൻ
ഹീനതമാന്നവനു സൽപദവും കൊടുത്ത
ജ്ഞാനപ്രദൈകസുമതേ! നിയതംനമസ്തേ! 5

ആക്കുള്ളനാമമിവിടെക്കുടി കൊണ്ടിടുന്നു
പാക്കുമ്പൊഴാരധിപനീ'സുറിയാനികൾക്കു'
നീക്കംവെടിഞ്ഞു ഗുരുതൻപദതാർ ഭജിക്കു–
മക്കല്യശിഷ്യനനിശം തുണചെയ്യണം മാം. 6

പുണ്യപ്രഭാവമിയലും സുധിമൗലി! നീ നൈ-
പുണ്യംവളർത്തുവതിനായ് 'ഗുരു'വെന്നതന്നെ
ഗണ്യൻജഗത്തിലിവനാലതുകൊണ്ടു നിന്റെ
'ഗുണ്യം'വരം'ഗുണക'മെന്റെയപേക്ഷമാത്രം

ദൈവപ്രസാദമൊരുനാളുമകന്നിടായ്‌വാ-
നാവശ്യമായഗുണമൊക്കെയുമേകി മേന്മേൽ
ഹേവന്ദ്യ! നീ വിലസണം മമ ജീവിതത്തിൽ
കൈവന്ന ഭാഗ്യതരുവായലസാതെ നിത്യം. 8

ഭിന്നിപ്പുമാറിയുടനീ മലയാളദേശം
തന്നിൽ സമൈക്യമുളവാക്കി വളർത്തുവാനായ്
നിന്നിൽക്കഴിഞ്ഞൊരുവനും ബതശക്തിയില്ലീ
മന്നിന്റെ നന്മണിവിളക്കു ഭവാനൊരുത്തൻ. 9

മഹതാമതു കേരളോർവ്വിയിലനാ
കുലം ചേർത്തുകൊ-
ണ്ടഹസ്കരസമാനനായ് ബഹുജനോ
പകർത്താവുമായ്
മഹച്ചരിതനായ് സദാ പരമഭ
ക്തനായും പരം
വിഹത്തിലമരുന്ന നീ തരിക "മാർ
തോമ്മസേ!" ശുഭം.

അതിരമ്പുഴ സി. എം. സെബാസ്റ്റ്യൻ.

## "വിശുദ്ധ കുർബ്ബാനയുടെ വാഴ്ച."

മിശ്ശസമർപ്പിതമായ ഇക്കഴിഞ്ഞ മേമാസാന്ത്യസുദിനം ഒന്നിലധികം ആളുകളുടെ ജീവിതചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അന്നേദിനം വിശുദ്ധ കുർബ്ബാനയുടെ തിരുനാൾ ആയിരുന്നതിനാൽ, പലരും ഊഹിക്കുന്നതു് അലങ്കാരവിശേഷത്താലും ജന ബാഹുല്യത്താലും അതിമനോഹരവും ആരാധ്യവുമായ ഒരു മഹോത്സവ പ്രദക്ഷിണത്തെക്കുറിച്ചായിരിക്കാം. എന്നാൽ താദൃശമായ ഒന്നല്ല ഈ ലേഖനവിഷയീഭൂതമായിട്ടുള്ളതു്. ഈ പ്രദക്ഷിണം സുദീർഘമായ ഒന്നായിരുന്നെങ്കിലും കേവലം നിശബ്ദവും അജ്ഞാതവും ആഘോഷരഹിതവുമായിരുന്നു. ആരാധ്യമായ വി: കുർബ്ബാനയെ സംപൂജ്യമായി വക്ഷസ്സിൽ സംഗ്രഹിച്ചുകൊണ്ടു് ഞാൻ കപ്പേളയിൽ നിന്നിറങ്ങിയപ്പോൾ മണികൃത്യം എട്ടടിച്ചു. ദിവ്യകൂദാശയെ ഭയഭക്തി പുരസ്സരം വഹിച്ചിരുന്ന എന്നെ സബഹുമാനം വഹിച്ച "റിക്ക്ഷാ" വണ്ടി മന്ദം മന്ദം നടന്നുതുടങ്ങി. ജനനിബിഡമായ ഒരു വലിയ പട്ടണത്തിൽ കൂടെയായിരുന്നു ഈ രഹസ്യ പ്രദക്ഷിണം. ഈ തിരുയാത്രയുടെ ലക്ഷ്യം, നാലുമയിലകലെ, വെള്ളം ദാഹിക്കുന്ന മാൻപോലെ, സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ സജീവമന്നായായ ഈ ദിവ്യത്രാണഭാജനത്തെ അത്യാശിച്ചിരുന്ന ഒരു ആത്മാവായിരുന്നു. ഈ പ്രദക്ഷിണം കേവലം അന്യാഡംബരമായ ന്യൂനതയെ പരിഹരിക്കുമാറു, പ്രകൃതിമുഴുവൻ അനുകൂലവും അലങ്കാരവുമായി കാണപ്പെട്ടു. ഇടമുറിയാതെ വർഷിച്ചിരുന്ന മഴ മാറിനിന്നു. നിരർഗ്ഗളം അനുഗ്രഹീതമായ പ്രകൃതി, മാർഗ്ഗപാർശ്വങ്ങളെ സുഭിക്ഷമായ വൃക്ഷലതാദികളാലും സുരഭിലമായ കുസുമഫലാദികളാലും സവിശേഷം അലങ്കരിച്ചിരുന്നു. ആകാശമണ്ഡലം തന്നെ പാലികയുടെ സ്ഥാനം വഹിച്ചു. എങ്കിലും വിവേക സൃഷ്ടിയായ മനുഷ്യൻ അവന്റെ കർത്തവ്യത്തെ അറിഞ്ഞില്ല. ഈ യാത്ര ഒരു ക്രിസ്തീയ പട്ടണമദ്ധ്യേ ആയിരുന്നെങ്കിലും ക്രിസ്തുവിന്റെ കൂദാശാ സാന്നിധ്യത്തെ ആഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന സാക്ഷാൽ ക്രിസ്ത്യാനികൾ വളരെ ദുർല്ലഭമായിട്ടുമാത്രമേ ആ പട്ടണത്തിൽ അധിവസിക്കുന്നുള്ളു. തന്നിമിത്തം, എന്നെയല്ലാതെ എന്റെ വക്ഷസ്സിൽ സംഗ്രഹിതമായിരുന്ന ദിവ്യകൂദാശയെ കാണികൾ കാണാഞ്ഞതിൽ ആശ്ചര്യപ്പെടാനില്ലല്ലോ. എന്നിരുന്നാലും ക്രിസ്ത്യാനികൾ അല്പത്തെയല്ലാതെ തത്സാദൃശ്യത്തിൽ തന്റെ ദിവ്യശക്തിയാൽ ഉപ്പൂനാ

യിരിക്കുന്ന ക്രിസ്തുവിനെ തന്നെ വിശ്വാസത്തിന്റെ കണ്ണുകൊണ്ടു നോക്കിക്കാണാത്തതിലും ദൈവപുത്രന്റെ നിത്യസത്യവചനത്തെ വിശ്വസിച്ചറിഞ്ഞ് അനുഷ്ഠിക്കാത്തതിലും വ്യസനിക്കേണ്ടിയിരിക്കുന്നു.

മാർഗ്ഗമദ്ധ്യേ, മോട്ടോർ വണ്ടികൾ, വിദ്യുച്ഛക്തി പ്രകടനങ്ങൾ, കമ്പിത്തപാൽ തുടങ്ങിയ പല പല നവീന പരിഷ്കാരചിഹ്നങ്ങൾ ദൃഷ്ടിഗോചരമാകയിൽ എന്റെ ഹൃദയം തീച്ചൂളയിൽ കിടന്നുകൊണ്ടു ആ മൂന്നു ബാലന്മാർ സങ്കീർത്തിച്ചതുപോലെ 'മോട്ടോറെ, വിദ്യുച്ഛക്തിയെ, ലോറിയെ, ബസ്സേ, കമ്പിത്തൂണുകളെ, ഫീററൻവണ്ടികളെ, റിക്ക്ഷാവണ്ടികളെ, ജഡ്ക്കാവണ്ടികളെ, ചവുട്ടുവണ്ടികളെ, ചെക്കിട്ടാവണ്ടികളെ, ബസ്സുകളെ, കമ്പനികളെ, ഷാപ്പുകളെ, ബംഗ്ലാവുകളെ... അധുനിക സമസ്ത പരിഷ്കാരവിശേഷമേ, നിങ്ങൾ എന്നോടുകൂടെ രഹസ്യമായി എഴുന്നള്ളുന്ന കർത്താവിനെ സ്തുതിപ്പിൻ' എന്നു പ്രാർത്ഥിപ്പാൻ നിർബന്ധിതമായി. ഭയബഹുമാന പുരസ്സരം നിശബ്ദമായിപ്പോയ വണ്ടി ഒരൊന്നര മണിക്കൂർ കഴിഞ്ഞപ്പോൾ ഉൾനാട്ടിൽ പ്രവേശിച്ച് സുരഭിലവും രമണീയവുമായ ഒരു ചെറുകാടിന്റെ നടുവിലൂടെ ചെന്ന് ഉദ്ദിഷ്ടമായ വീടിന്റെ മുൻവശത്തു നിന്നു. ആ വീട്ടിനുള്ളിൽ ഒരാത്മാവ് അതിന്റെ പ്രാണവല്ലഭനെ അത്യുൽക്കണ്ഠാപൂർവ്വം പ്രതീക്ഷിച്ചിരുന്നു. തൽക്ഷണം ഞാൻ വണ്ടിയിൽ നിന്നു സബഹുമാനം ഇറങ്ങി ഗൃഹത്തിന്റെ ഉത്തമസ്ഥാനത്തു മനോജ്ഞമായി സജ്ജീകൃതമായിരുന്ന ഒരു പീഠത്തിൽ വി. കുർബാനയെ പ്രതിഷ്ഠിച്ചു. അനന്തരം ആ ഗൃഹാന്തർഭാഗത്തു നടന്നത്, ഒരകത്തോലിക്കന്റെ കത്തോലിക്കാ സഭയിലേക്കുണ്ടായ അഭിലഷണീയമായ സ്വീകരണമാണ്. രോഗാതുരനായ ഈ ആളിന്റെ ആത്മദാഹമാണ് 'ദിവ്യരക്ഷകനെ ഈ അജ്ഞാത സ്ഥലത്തേക്കു എഴുന്നള്ളുവാൻ നിർബന്ധിച്ചത്. രോഗശയ്യയും പുത്രവത്സലനായ ദൈവപിതാവിന്റെ സ്നേഹഗർഭമായ പ്രഹരമാണെന്നുള്ളതും ഇവിടെ സ്മരണീയമത്രെ. ഇതിന്റെ ശേഷം പാപസങ്കീർത്തനം, വി. കുർബാന എന്നീ കൂദാശകളെക്കുറിച്ച് വേദവാക്യത്തെയും പാരമ്പര്യത്തെയും അടിസ്ഥാനമാക്കി ഒരു സംക്ഷിപ്തപ്രസംഗത്തോടുകൂടി പ്രസ്തുത കൂദാശകൾ രോഗിക്കു നൽകി. വിശുദ്ധ കുർബാന ഉൾക്കൊണ്ട ആളും വേറൊരാളും ഒഴികെ ആ വീട്ടിലുള്ള ശിഷ്ടം അംഗങ്ങൾ ആംഗ്ലിക്കൻ, മാർത്തോമ്മ, യാക്കോബായ എന്നീ വകുപ്പുകളിൽ ചേർന്നിരുന്നവരായിട്ടും ഈ വി. കുർബാനയുടെ ആഗമനത്തിങ്കലും പര്യവസാനത്തിങ്കലും ഭയഭക്തി സ്നേഹബഹുമാനാദരങ്ങളെ പ്രദർശിപ്പിക്കുന്നതിൽ ബദ്ധകങ്കണന്മാരായിരുന്നു. ദിവ്യകൂദാശാസ്വീകരണാനന്തരം, മുൻപ് മ്ലാനമുഖനായിരുന്ന രോഗി പ്രസന്നവദനനായി ശയ്യയിൽ ഏററിരുന്നുകൊണ്ട് "ഇപ്പോൾ മാത്രമേ എന്റെ മനസ്സിനു ഒരു തൃപ്തിയും സന്തോഷവും തോന്നുന്നുള്ളു" എന്നു പറകയുണ്ടായി. "ഇന്നു വിശുദ്ധ കുർബാനയുടെ തിരുനാളാണ്. കത്തോലിക്കാലോകം മുഴുവൻ ഇന്ന് ഈ തിരുനാൾ അതിപൂജ്യമായും ആഘോഷമായും കൊണ്ടാടുന്നു. ഇന്നത്തെ ദിനത്തിന്റെ മാഹാത്മ്യം അവർണ്ണനീയമത്രെ. ഇന്ന് വിശുദ്ധ കുർബാനയുടെ ഒരു പരസ്യ പ്രദക്ഷിണത്തിൽ ചേരുവാൻ ഭാഗ്യം ലഭിച്ചില്ലെന്നിരുന്നാലും എനിക്കു, അങ്ങയെ ഇത്ര ദൂരത്തിൽ രഹസ്യമായി പ്രദക്ഷിണം കഴിച്ചുകൊണ്ടുവന്ന്, ഉണങ്ങിവരണ്ടിരുന്ന ഒരാളുടെ ആത്മപീഠത്തിൽ ആരോഹണം ചെയ്യിക്കുന്നതിനും, ഇങ്ങനെ ആത്മാവും മിശിഹായും ഏകീഭവിച്ച് ക്രിസ്ത്വാത്മകത്വം വന്ന് സന്തുഷ്ടി അടയുന്നതിനും കാരണനായതിൽ കൃതജ്ഞനായി ഞാൻ ആനന്ദിക്കതന്നെ ചെയ്യുന്നു."

കത്തോലിക്കാ സന്ന്യാസാശ്രമങ്ങളിലും കന്യകാമഠങ്ങളിലും ഭക്തകുടുംബങ്ങളിലും വിദ്യാമന്ദിരങ്ങളിലും വൈദിക വിദ്യാലയങ്ങളിലും മററും, നമ്മിൽ നിന്നു ഭിന്നിച്ചു നിൽക്കുന്ന കത്തോലിക്കേതരന്മാരുടെ പുനരൈക്യത്തിനുവേണ്ടി അനുസ്യൂതമായി നടക്കുന്ന പ്രാർത്ഥനയാണ് പ്രസ്തുത മാനസാന്തരത്തിനു നിദാനഭൂതം എന്നോർക്കുമ്പോൾ ആരാണ് ഈ പ്രാർത്ഥനയെ പൂർവ്വാധികം ഗ്ല

ണീകരിച്ച് തീവ്രമാക്കിച്ചെയ്യാത്തത്. നമ്മുടെ പ്രാർത്ഥനസ്സ് വിദേശത്ത് ഒരാത്മാവു മാത്രമാണ് ലഭിക്കുന്നത് എന്നിരുന്നാൽ തന്നെയും അതെത്രയൊ മഹത്തമേറിയ പ്രതിഫലമാണ്. ലോകം സ്വപ്നേപി ചിന്തിക്കാത്ത എത്രയെത്രെ കാര്യങ്ങളാണ് പ്രാർത്ഥനയാൽ ഹസ്തഗതമാകുന്നത്. സഹോദരരേ, നങ്ങൾ പ്രാർത്ഥിക്കുവിൻ! അകത്തോലിക്കരുടെ പുനരൈക്യത്തിനു വേണ്ടി ശക്തിയായി പ്രാർത്ഥിക്കുവിൻ. മിശിഹായുടെ രാജ്യഭാരത്തിനും ആത്മവാഴ്ച്ചക്കും വേണ്ടി പ്രാർത്ഥിക്കുവിൻ. മിശിഹായുടെ ചിരസാന്നിധ്യം സമസ്ത ക്രിസ്ത്യാനികളും ഐകകണ്ഠ്യേന സംവദിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ. നിത്യസ്തുതിക്കു യോഗ്യമായ വിശുദ്ധ കുർബാനക്ക് എന്നേരവും സ്തുതിയും പുകഴ്ച്ചയും ആരാധനയും വാഴ്ച്ചയും ഉണ്ടാകുമാറാകട്ടെ!

പൗലോസ് പ്രാൻസിസ് പട്ടക്കാരൻ.

# പ്രഡറിക്ക് ഒസ്സാനാം.

സെൻറു വിൻസെൻറ് ദെ പോൾ സംഘത്തിൻെറ പ്രധാന സ്ഥാപകനായ ഫ്റഡറിക്ക് ഒസ്സാനാമിനെ പുണ്യവാനെന്നു പേർ വിളിക്കുന്നതിനുള്ള പ്രാരംഭ ചടങ്ങുകൾ റോമ്മായിൽ ആരംഭിച്ചിരിക്കുന്നു. പാരീസ് രൂപതയിലെ വൈദികർ, സെൻറ് വിൻസെൻറ് ദെ പോൾസംഘത്തിൻെറ ജനറൽ കൌൺസിൽ മെമ്പറന്മാരോടു ഇതേപ്പററി ആദ്യമായി അഭിപ്രായപ്പെടുകയുണ്ടായി. ഇവർ ഒസ്സാനാമിൻെറ ജീവചരിത്രവും പ്രധാന കൃതികളും ക്രൂലംകഷമായി പരിശോധിച്ച ശേഷമാണ് ഈവിധമായ ഒരു അഭിപ്രായം പുറപ്പെടുവിച്ചത്. മാർപ്പാപ്പാ തിരുമനസ്സിലെ മനുഷ്യം ഒസ്സാനാമിനെ ശവസംസ്കാരം ചെയ്തിരിക്കുന്ന കവറിടത്തുങ്കൽ ചെന്നു പ്രാർത്ഥിക്കുമ്പോളൊക്കെയും അസാമാന്യമായ എരിവും മനസ്സമാധാനവും ലഭിക്ക പതിവാണെന്നു പാരീസ് കോൺഫറൻസിൽ വച്ചു പ്രസ്താവിക്കയുണ്ടായി. റീത്തുകളുടെ തിരു സംഘത്തിൽ നിന്നും വിൻസെൻറു ഡിപോൾ സംഘത്തിൻെറ പ്രസിഡൻറു ജനറാൾ അവർകൾക്കു അയച്ചിട്ടുള്ള ഒരു കത്തു ഇവിടെ ചേർക്കുന്നു.

ദത്താറി അരമന.

൧൯൨൨ ജൂൺ ൩-ാംനു-

പ്രിയനായ പ്രസിഡൻറു ജനറൽ,

"നമ്മുടെ പ്രിയപ്പെട്ടവനും പരിശുദ്ധനുമായ ഒസ്സാനാമിനെ "സിദ്ധനെ"ന്നു പേരു വിളിക്കുന്നതു സംബന്ധിച്ചുള്ള കേസെടുക്കുന്ന കാര്യത്തിൽ എൻെറ അഭിപ്രായമെന്തെന്നു നിങ്ങൾ ചോദിച്ചിട്ടുണ്ടല്ലോ. എന്നാൽ ഇക്കാര്യം എനിക്കു മുമ്പേതന്നെ അത്യന്തം ഇഷ്ടമുണ്ടായിരുന്നതും ഇപ്പോഴും ഇഷ്ടമുള്ളതുമാണെന്നു മറുപടി പറയാൻ എനിക്കു യാതോരു സന്ദേഹവുമില്ല. അതേപ്പററി പലപ്പോഴും പലരും പറഞ്ഞിട്ടുണ്ടെങ്കിലും കേസു ഇതുവരെയും എടുക്കുകയുണ്ടായിട്ടില്ല. ഇതു വ്യസനകരമായ ഒരു താമസമാണു. എങ്കിലും എൻെറ അഭിപ്രായം നമുക്ക് ഇനിയും സമയം നഷ്ടമായിട്ടില്ലന്നാണ്. പുതിയ കാനൻനിയമം ൨൦൬൯-ാം നമ്പർ പ്രകാരം ഈ താമസത്തിൻെറ ഹേതുക്കൾവ്യാഖ്യാനിക്കപ്പെടാവുന്നവയാണ്.

"ഈ കാര്യം ദൈവത്തിനു ഇഷ്ടമുള്ളതായി വരുന്ന പക്ഷം വിൻസെൻറു ഡി പോൾസംഘത്തിനു മാത്രമല്ല, ക്രിസ്തീയ ജീവിതത്തിനും ധർമ്മപ്രവൃത്തികൾക്കും പൊതുവെ വലുതായ നന്മ ഉണ്ടാകുമെന്നു സംശയമില്ല.

"അതിനാൽ രൂപതാധികാരികളുമായി താങ്കൾ ഉടനെ എഴുത്തുകുത്തുകൾ ചെയ്യേണ്ടതാകുന്നു. പാരീസിലെ കർദ്ദിനാൾ ഇക്കാര്യം സംബന്ധിച്ച അനുകൂലാഭിപ്രായവും നന്മനസ്സുംഉള്ള ഒരു ദേഹമാണ്.

"നമ്മുടെ എഴുത്തുകുത്തുകൾ നമ്മുടെ സദുദ്ദേശ്യത്തിന് അനുസരണമായിരിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി പ്രിയപ്പെട്ട പ്രസിഡൻറു ജനറൽ, നമ്മുടെ കർത്താവിശോമിശിഹായിൽ നിങ്ങളുടെ വിശ്വസ്തനായ

വിൻസൻറു കർദ്ദിനാൾ വനുത്തല്ലി.
(ഒപ്പു)

ഈവിധമായ സംഗതികൾ വളരെ സാവധാനത്തിൽ മാത്രമേ നടക്കയുള്ളു. പെട്ടെന്നു ഒന്നും പ്രതീക്ഷിച്ചുകൂടാ. ഒസ്സാനാമിനോടുള്ള പ്രാർത്ഥനമൂലം പ്രസ്താപിതമായ യാതൊരു അത്ഭുതവും നടന്നതായിട്ടു ഇതുവരെയും രേഖപ്പെട്ടിട്ടില്ല. എന്നിരുന്നാലും വിൻസൻറു ഡിപോൾ സംഘത്തിൻെറ ആസ്തിക്യവും അതിൻെറ വിസ്മയനീയമായ പ്രചാരവും തന്നിയമങ്ങളുടെ അനുസരണവും "ശാശ്വതമായ ഒരു അത്ഭുത"മാണല്ലോ. നമ്മുടെ പൂജ്യനെ പേരുവിളിക്കുന്ന കാര്യം ക്ഷണസാദ്ധ്യമാകുന്നതിനുവേണ്ടി പാരീസിലെ കർദ്ദിനാൾ നിർമ്മിച്ച പ്രാർത്ഥന ചുവടേ ചേർക്കുന്നു.

"പ്രഡറിക്ക് ഒസ്സാനാമിൻെറയും അയാളുടെ സഹചരന്മാരുടെയും ഹൃദയങ്ങളിൽ പാവപ്പെട്ടവരോടുള്ള സ്നേഹം ഉൽപ്പാദിപ്പിക്കയും, ആത്മികവും ശാരീരികവുമായ കഷ്ടപ്പാടുകളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനു വേണ്ടി ഒരു സംഘം സ്ഥാപിക്കുന്നതിനു പ്രേരിപ്പിക്കുകയും ചെയ്ത ഒ! ദൈവമെ! എരിവിൻെറയും ഉപവിയുടേയും ലക്ഷ്യമായ ഞങ്ങളുടെ ഈ പ്രവൃത്തിയെ അങ്ങുന്നു അനുഗ്രഹിക്കണമെ! അങ്ങേ ഭക്തദാസനായ പ്രഡറിക്ക ഒസ്സാനാമിനെ തിരുസഭ മഹത്വപ്പെടുത്തുന്നതിനാണ അങ്ങേയുടെ തിരുവുള്ളമെങ്കിൽ, ഇദ്ദേഹം അങ്ങേ തിരുസന്നിധിയിൽ അനുഭവിക്കുന്ന മനോഗുണത്തിൻെറ ശക്തി സ്വർഗ്ഗീയദാനങ്ങളാൽ പ്രത്യക്ഷപ്പെടുത്തുവാൻ നമ്മുടെ കർത്താവിശോമിശിഹാ മൂലം ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

ഫാദർ ഹില്ലാര്യോൻ സി. ഡി.

സൂചനം:— പ്രഡറിക്ക് ഒസ്സാനാമിൻെറ രസകരമായ ജീവചരിത്രം ഛായാപടങ്ങളോടുകൂടി അച്ചടിച്ചിട്ടുള്ളതു ഏഴണ വിലയ്ക്കു സി. കെ. മററം കുറവിലങ്ങാടു എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ് എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

ക. പത്രാധിപർ.

## ആൻഡീസിലെ ക്രിസ്തു.

ദക്ഷിണ അമേരിക്കയിലുള്ള ആൻഡീസു പർവ്വതത്തിൽ, ചിലി, ആർജൈൻറൻ എന്ന രണ്ടു രാജ്യങ്ങളുടെ മദ്ധ്യേയുള്ള ഒരു കൊടുമുടിയിൽ, ക്രിസ്തുവിൻെറ അതിബ്രഹ്മാണ്ഡമായ ഒരു പ്രതിമ നിൽക്കുന്നതായി കാണാം. അടിവാരത്തുള്ള രാജ്യങ്ങളെ ആശീർവ്വദിച്ചുകൊണ്ട് വലതുകൈ നീട്ടിപ്പിടിച്ചും, ഇടതുകൈയിൽ ഒരു കുരിശേന്തിയും നിൽക്കുന്ന ഈ സ്വരൂപം സമുദ്രനിരപ്പിൽനിന്നു ൧൩,൦൦൦ അടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. അതിൻെറ അടിയിലായി ഒരു ഭാഗത്തു, "ചിലി രാജ്യവാസികളും ആർജൈൻറൻകാരുംകൂടി ക്രിസ്തുവിൻെറ തൃപ്പാദത്തിങ്കൽവെച്ചു ചെയ്തവാഗ്ദാനം വിസ്മരിക്കുന്നതിനു മുൻപായി ഈ പർവ്വതപംക്തികൾതന്നെയും അധഃപതിച്ചു തകർന്നുപോകട്ടെ" എന്നും, മറുവശത്ത് "ഇരുകൂട്ടരേയും ഐക്യപ്പെടുത്തി ഒന്നാക്കിയ ഇദ്ദേഹം ഞങ്ങളുടെ സമാധാനമാകുന്നു" എന്നും എഴുതിയിരിക്കുന്നു.

൧൯-ാം നൂററാണ്ടിൻെറ അവസാനഘട്ടത്തിൽ ചിലിയും, ആർജൈൻറനുമായി നിരന്തരമായി യുദ്ധമുണ്ടായിക്കൊണ്ടിരുന്നു. യുദ്ധംകാരണത്താൽ, ഈ രാ

ജ്യങ്ങൾ തമ്മിൽ സമാധാനമുണ്ടാകുക അസാദ്ധ്യമെന്നു തോന്നത്തക്കവിധത്തിൽ വാശിയും വൈരാഗ്യവും വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. ഇപ്രകാരം ഇരിക്കുമ്പോൾ ൧൯൦൨-ൽ എന്തോ ചില അതിർത്തിതർക്കമുണ്ടായി. ഈ സംഗതിക്കു യുദ്ധംകൊണ്ടുതന്നെ തീരുമാനമുണ്ടാക്കണമെന്നുകരുതി, ഇരുക്കൂട്ടരും വളരെ ഊർജ്ജിതമായി സന്നാഹങ്ങൾ കൂട്ടിത്തുടങ്ങി. ജനങ്ങളുടെമേൽ കൂട്ടതൽ കരം ചുമത്തി യുദ്ധത്തിനുവേണ്ട കപ്പലുകളും ആയുധങ്ങളും ധൃതഗതിയിൽ ഉണ്ടാക്കി. ൧൯൦൦-ാമാണ്ടു ഉയിർപ്പു തിരുനാൾ അടുത്തപ്പോഴേക്കും ഇരുകക്ഷികളും സകല ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞു. ഇതിനിടക്ക് രണ്ടു രാജ്യത്തും തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുന്നുണ്ടായിരുന്നു. ആർജന്റൈനിൽ ബോനോസു ഐറെസു (Buonos Ayres) എന്ന സ്ഥലത്തു തിരുനാൾ ദിവസം പ്രസംഗിച്ചതു് അവിടുത്തെ മെത്രാനായ മോൺസിഞ്ഞോർ ബെനവെന്തേ എന്ന ദേഹമായിരുന്നു. അന്നത്തെ പ്രസംഗവിഷയം മുൻആണ്ടുകളുടേതിനെ അപേക്ഷിച്ചു വളരെ വ്യത്യാസപ്പെട്ട ഒന്നായിരുന്നു. ക്രിസ്തുവിന്റെ നാമത്തിൽ സമാധാനപ്പെടുവിൻ എന്നു പറഞ്ഞുകൊണ്ടു വളരെ ശുഷ്കാന്തിയോടുകൂടി ഹൃദയഭേദകമാംവണ്ണം അദ്ദേഹം ജനങ്ങളോടു ഉപദേശിച്ചു. ഈ പ്രസംഗവിവരം രാജ്യം ഒട്ടുക്കു പരന്ന കൂട്ടത്തിൽ ചിലിയിലെ മെത്രാനും കേൾക്കാൻ ഇടയായി. അദ്ദേഹം ആൻഡീസിനപ്പുറമുള്ള തന്റെ സഹോദരമെത്രാന്റെ മാതൃകയെ അനുകരിച്ചു. ഈ രണ്ടു മെത്രാന്മാരും അവനവന്റെ രാജ്യത്തിൽ പട്ടണങ്ങൾതോറും ഗ്രാമങ്ങൾതോറും സഞ്ചരിച്ച് സമാധാനത്തിന്റെയും സഹോദരത്വത്തിന്റെയും സന്ദേശത്തെ ജനങ്ങളോടറിയിച്ചു. ആരംഭത്തിൽ അവരോടു സഹകരിക്കുന്നതിനു വൈദികരും ഏതാനും അബലകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും ക്രമേണ കുറെ പുരുഷന്മാരും, അവസാനം ജനതതി മുഴുവൻതന്നെയും ഇവരെ അനുകൂലിച്ചു. ജനങ്ങളുടെ മുട്ടിപ്പായ അപേക്ഷ കാരണത്താൽ ഇരു രാജ്യങ്ങളിലെ ഗവൎമ്മേണ്ടുകളും സന്ധി ആലോചനക്കു സമ്മതിച്ചു. ഇംഗ്ലണ്ടിലെ രാജാവിന്റെ മാദ്ധ്യസ്ഥ്യത്തിൽ, അതൃത്തി സംബന്ധിച്ചുള്ള തർക്കം തീർത്തു്, വാദസ്ഥലം രണ്ടുകൂട്ടരുംകൂടി ഭാഗിച്ചെടുത്തു. അതിനുശേഷം ൧൯൦൨-ൽ ഗവൎമ്മേണ്ടുകൾ തമ്മിൽ യോജിച്ചു വ്യവസ്ഥാരഹിതമായ ഒരു സമാധാന ഉടമ്പടി എഴുതി. ഇപ്രകാരം ഒരു ഉടമ്പടി ലോകത്തിൽ ഇദംപ്രഥമമായിട്ടാണു എഴുതപ്പെട്ടിട്ടുള്ളതു്. പിന്നെയും ഒരു അഞ്ചുവർഷത്തേക്കുകൂടി എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ അതു് ഒരു മദ്ധ്യസ്ഥന്റെ മുൻപാകെ ഹാജരാക്കി തീരുമാനിച്ചുകൊള്ളാമെന്നു സമ്മതിച്ച് ഇരുക്കൂട്ടരും സൈന്യത്തിൽ ഒരു ഭാഗത്തെ പിരിച്ചയച്ചു.

അധികം താമസിയാതെതന്നെ മറ്റു രാജ്യക്കാരുമായി ഇപ്രകാരമുള്ള ഉടമ്പടികൾ ചെയ്തു്, രാജ്യത്തിലെ സമാധാന പരിപാലനത്തിനു് അവശ്യം വേണ്ട സൈന്യത്തെ ഒഴിച്ച് ബാക്കിയുള്ളതെല്ലാം പിരിച്ചയച്ചു. യുദ്ധക്കപ്പലുകളെ വിൽക്കുകയോ, കച്ചവടക്കപ്പലുകളായി പകർത്തുകയോ ചെയ്തു. സൈന്യാഭ്യസന ശാലകളെയും, ആയുധശാലകളെയും സാങ്കേതിക വിദ്യാമന്ദിരങ്ങളാക്കി. പട്ടാളവകുപ്പിൽനിന്നും ലാഭംവന്ന പണം പൊതുജനോപകാരാർത്ഥം, തീവണ്ടിപ്പാഥ, കെട്ടിടങ്ങൾ മുതലായവ ഉണ്ടാക്കുന്നതിനായി വിനിയോഗിച്ചു. എന്നാൽ ഇതിനേക്കാൾ എല്ലാം അത്ഭുതകരമായിട്ടുള്ളതു് ഈ രണ്ടു രാജ്യക്കാരിലും അഭ്യന്തരമായി ഉണ്ടായിട്ടുള്ള പകർച്ചയാണ്. പരമശത്രുത്വത്തിലും, വൈരാഗ്യത്തിലും കഴിഞ്ഞിരുന്നവർ ഇപ്പോൾ പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും വർത്തിക്കുന്നു. അവർ സമാധാനത്തിന്റെ വഴിയെപോയി അതിനെ കണ്ടെത്തുകയും ചെയ്തു.

൧൯൦൦-ലെ യുദ്ധത്തിനു തടസ്സം ചെയ്ത ആ പുരോഹിതശ്രേഷ്ഠനു്, സ്നേഹത്തിൽ ഐക്യപ്പെട്ട ഈ രണ്ടു രാജ്യങ്ങളേയും അവലോകനം ചെയ്തുകൊണ്ടു് ക്രിസ്തു നിൽക്കുന്നതായി കാണാൻ വളരെ ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഈ ആഗ്രഹവും സാധിച്ചു. രാജ്യം

ത്തുത്തികളിൽ സ്ഥാപിച്ചിരുന്ന പീരങ്കികൾ, സമാധാന ഉടമ്പടിക്കുശേഷം നിരുപയോഗങ്ങളായി തീർന്നതിനാൽ അവയെ എല്ലാം ഉടച്ചു ക്രിസ്തുവിൻെറ ഒരു വലിയ പ്രതിമ വാർത്തെടുക്കയാണുണ്ടായതു്. ഈ സ്വരൂപത്തെ സമുദ്രനിരപ്പിൽനിന്നു ൧൨,൦൦൦ അടി ഉയരത്തിൽ കൊണ്ടുപോയി സ്ഥാപിക്കുന്നതിനുള്ള ഭാരവും ഗവമ്മേണ്ടിൽ നിന്നുതന്നെ വഹിച്ചു. തീവണ്ടി കയറുന്നിടത്തോളം ദൂരം തീവണ്ടിയിലും, അതിനു മുകളിലേക്കു കുറേദൂരം വണ്ടിയിൽ വെച്ചുകെട്ടി കഴുതകളെക്കൊണ്ടു വലിപ്പിച്ചും, കഴുതസ്സും കയറുവാൻ പാടില്ലാതെവന്ന സ്ഥലം പട്ടാളക്കാർ കയറുകെട്ടി വലിച്ചുമാണു് പ്രസ്തുത രൂപം കൊടുമുടി മുകളിൽ കൊണ്ടുചെന്നതു്. ൧൯൦൪ മാർച്ച ൧൨-ാംനു- ഇരു രാജ്യനിവാസികളും ഉൾപ്പെട്ട ഒരു വലിയ ജനസമൂഹത്തിൻെറ മുൻപാകെ ഈ പ്രതിമ വളരെ ആഘോഷമായി സ്ഥാപിച്ചു. പരസ്പര ക്ഷണാനുസരണം ചിലിസൈന്യങ്ങൾ ആർജൻൈറനിലും, ആർജൻൈറൻ സൈന്യങ്ങൾ ചിലിയിലുമാണു് പാളയമടിച്ചിരുന്നതു്. അപ്പോൾ അവിടെ മുഴങ്ങിക്കൊണ്ടിരുന്ന ബാൻറുനാദവും, പീരങ്കിധ്വനികളും സമാധാന ഭരണാരംഭത്തെ വിളിച്ചറിയിച്ചു. സ്വരൂപത്തെ അനാച്ഛാദനം ചെയ്തപ്പോൾ എല്ലായിടത്തും അതിന്നു് ശുബ്ദമായിരുന്നു. അതിനുശേഷം സൂൎയ്യാസ്തമനത്തോടുകൂടി ഇരുകക്ഷികളുംകൂടി യോജിച്ചു് ഭൂലോകസമാധാനത്തിനായി പ്രാർത്ഥിച്ചു് തത്സംബന്ധമായ ചടങ്ങുകൾ അവസാനിപ്പിച്ചു.

തെക്കെ അമേരിക്കരുടെ ഈ ദൃഷ്ടാന്തത്തെ സമാധാനരഹിതമായി കിടക്കുന്ന യൂറോപ്പു രാജ്യങ്ങൾ അനുകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

കെ. ഇ. ചാക്കോ ബി. ഏ.

## അന്നാമ്മ. (ഒരു വേദാഗമകഥ)

"പ്രിയ ഭർത്താവേ! നോക്കു! നമ്മുടെ ഏകപുത്രിയായ അന്നാമ്മയുടെ മേൽ ദൈവകാരുണ്യമുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല".

"അതേ നമ്മുടെ ആശ്വാസത്തിനായിട്ടു ദൈവം അവളെ നമുക്കു തന്നു. അവിടുത്തെ നാമം പരിശുദ്ധമാകട്ടെ! അദ്ദേഹം നമുക്കു പുത്രന്മാരെ തന്നു; എങ്കിലും അവരുടെ ചെറുപ്രായത്തിൽ തന്നെ അവരെ സ്വൎഗ്ഗത്തിലേക്കു വിളിച്ചു കളഞ്ഞു. നമ്മുടെ ദുഃഖത്തിൽ അദ്ദേഹത്തോടു നാം ഹൃദയപൂൎവ്വം പ്രാർത്ഥിച്ചു. വാൎദ്ധക്യകാലത്തു നമ്മുടെ രക്ഷയായിരിക്കുന്നതിനു അന്നാമ്മയെ ദൈവം നമുക്കു തരികയും ചെയ്തു".

"അവൾ യഥാൎത്ഥത്തിൽ നമുക്കു രണ്ടുപേൎക്കും ഒരു രക്ഷതന്നെയാണു്. ചെറുപ്പമാണെങ്കിലും ഇസ്രായേലിലെ ഒരു മാതാവിനെപ്പോലെ അവൾ ഈ വീട്ടിലെ മിക്ക ജോലികളും ചെയ്യുന്നു".

"പ്രിയേ! അതു നിനക്കറിഞ്ഞുകൂടെയോ! അവൾ നന്നാ ബുദ്ധിമുട്ടി വീട്ടുകാൎയ്യങ്ങളെല്ലാം നേരാംവണ്ണം ചെയ്യുന്നതുകൊണ്ടല്ലയോ ഭവതിയുടെ സല്ലാപാമൃതത്തെ ഇത്രയധികം ആസ്വദിക്കുന്നതിനു എനിക്കു സാധിക്കുന്നതു? എൻെറ ഇഷ്ടങ്ങളെന്തെല്ലാമെന്നറിഞ്ഞു് അവയെ സാധിക്കുന്നതിൽ അവൾ എത്ര ഔത്സുക്യം കാണിക്കുന്നു".

"ഇന്നു രാത്രി പാതിരാവിനു രണ്ടു മണിക്കൂർ മുമ്പു് അന്നാമ്മയ്ക്കു പതിമൂന്നു വയസ്സു പൂൎത്തിയാകും. ഇവളുടെ ജന്മദിവസാഘോഷത്തിൽ പങ്കുകൊള്ളുന്നതിനായി വന്നുകൂടീട്ടുള്ള സ്നേഹിതന്മാൎക്കും ബന്ധുക്കൾക്കും കൊടുക്കുന്നതിനുള്ള സദ്യയുടെ വിഭവങ്ങളെല്ലാം അവൾ തന്നെ ഒരുക്കുകയും അത്താഴം തയ്യാറാക്കുകയും ചെയ്തിരിക്കുന്നല്ലോ! ഇതാ പാട്ടു

കാരും കൊട്ടുകാരും വന്നു കഴിഞ്ഞു"

"അതെ! അതെ! നമ്മുടെ തങ്കത്തിന്റെ പിറന്നാൾ നമുക്കു കെങ്കേമമായി കൊണ്ടാടണം. വിഭവങ്ങളൊക്കെ ബഹുമോടിതന്നെ. ഇതാ ആ കാനായിലെ കല്യാണവിഞ്ഞും ഇതിനോടു പറവുമോ?"

ലെ ബാലികകളുടെ കൂട്ടത്തിൽ ഇവൾക്ക് സദൃശയായി ഒരുത്തരുമില്ല. കല്പണാം ആ വസ്തുത അറിയാതിരിക്കുന്നില്ല. ബാറൂക്കിന്റെ പുത്രനായ ശെമഓൻ അവളെ പരിഗ്രഹിക്കുന്നതിനാഗ്രഹിക്കുന്നുണ്ടു. കുട്ടിയുടെ ഹൃദയവും, അവനിലേ



അന്നാമ്മയാകട്ടെ വസ്ത്രധാരണാർത്ഥം ദാസീസമേതയായി രണ്ടാം നിലയിലേക്കു പോയിരിക്കുയാണു

"അബ്രാഹമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും കർത്താവായ ദൈവം അവളെ ആശീർവ്വദിക്കുമാറാകട്ടെ!" എന്നു പറഞ്ഞുകൊണ്ടു യൂദസഭാദ്ധ്യക്ഷനായ ജായിത്രൂസ് മേൽത്തട്ടിൽ ത്വരയോടെ വസ്ത്രധാരണം ചെയ്തുകൊണ്ടുനിൽക്കുന്ന പുത്രിയെ അനുഗ്രഹിച്ചു.

"അവൾ സദ്‌വൃത്ത ആയിരിക്കുന്നതുപോലെ, രൂപവതിയുമാണ്" എന്നു മാതൃസഹജമായ അഭിമാനത്തോടുകൂടി അന്നാമ്മയുടെ അമ്മ പറഞ്ഞു.

"അതേ അവൾ കോമളാംഗി തന്നെയാണ്. അവൾ വയലിലെ ലീലിയും വാടാത്ത പുഷ്പവുമാണ്. (പാട്ടുകളുടെ പാട്ടു II. ൧ വ.) കല്പണാമി

ക്കു ചാഞ്ഞിരിക്കയാണ്. അവൻ കർത്താവായ ദൈവത്തിന്റെ ഒരു വിശ്വസ്തദാസനാകയാൽ യഥാസമയം അവളെ കൊടുക്കാവുന്നതുമാകുന്നു."

"പ്രിയഭർത്താവേ! കല്യാണാഘോഷ സമയത്തു ബാലികകൾ പിതൃഭവനങ്ങളെ വെടിയേണ്ടതുന്നുള്ള ഇസ്രായേലിലെ നിയമം എത്രയോ ഉചിതമായിരിക്കുന്നു! ഭവാനേയും എന്നേയും ദൈവം സ്വർഗ്ഗത്തിലേക്കു വിളിക്കുന്നതിനുമുമ്പായി, അന്നാമ്മയെ വിട്ടുപിരിയുന്നതിനിടയായാൽ നാം എത്രയോ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവരും? ദൈവത്തിനു സ്തുതിയുണ്ടാകട്ടെ!"

ഇതാ കൽക്കോവണിയുടെ താഴത്തെ പടിയിൽനിന്ന് എത്രയും മൃദുലമായ ഒരു പാദവിന്യാസം കേൾക്കുന്നു. അതു ആരുടേതാണ്? വിശേഷവസ്ത്രമണിഞ്ഞു മാ

താപിതാക്കന്മാരുടെ സംതോഷ വീക്ഷണത്തെ പ്രതീക്ഷിച്ചു നിൽക്കുന്ന അന്നാമ്മയുടേതുതന്നെ. "അമ്മേ! എന്റെ ദാസിയായ റാക്കേൽ എന്നെ എങ്ങനെയെല്ലാം അണിയിച്ചിരിക്കുന്നു എന്നു നോക്കു" എന്നു ഒരു ചെറുപുഞ്ചിരിയോടുകൂടി അവൾ പറഞ്ഞു. അവൾ അപ്പോൾ ലോകസുന്ദരിയായ ഒരു ബാലിക തന്നെ ആയിരുന്നു. ധൂമ്രവൎണ്ണമായ അവളുടെ അങ്കി കണംകാലുവരെ എത്തിയിരുന്നു. അതിന്റെമീതെ അതിരേക്കാൾ ചെറുതും ഡമാസ്കസിൽ നിന്നു കൊണ്ടുവരപ്പെട്ടതും നീലനിറമുള്ളതുമായ ഒരു പട്ടുടുപ്പു ധരിച്ചിട്ടുമുണ്ടു്. സ്വൎണ്ണമയമായ ഒരു സാരസനം അവളുടെ കൃശമാ അരയെ അലങ്കരിക്കുന്നു. സീസറിന്റെ ചെറിയ സ്വൎണ്ണനാണയങ്ങളുടെ ഛായയോടുകൂടിയതും കടുംചുവപ്പുനിറത്തിലുള്ളതുമായ ഒരു തൂവാല തങ്കത്തിന്റെ ശോഭയെ വെല്ലുന്ന അവളുടെ മുഖകാന്തിയെ വൎദ്ധിപ്പിച്ചുകൊണ്ടു ശിരോഭാഗത്തെ ആച്ഛാദനം ചെയ്തിരുന്നു. പത്തരമാറ്റുള്ള പൊന്നുകൊണ്ടു വിശിഷ്ടാകൃതിയിൽ പണിത ഒരു മാല അവളുടെ കണ്ഠത്തെയും മാറിനേയും ഒന്നുപോലെ അലങ്കരിച്ചിരുന്നു. വിലയേറിയ കല്ലുകൾ പതിച്ച കുണ്ഡലങ്ങൾ ഇരു കാതിലും ഉണ്ടായിരുന്നു. അന്നാമ്മയുടെ പത്മദള നേത്രങ്ങൾക്കു പ്രകൃത്യാ തന്നെ അസാധാരണ രാമണീയകത്വമുണ്ടായിരുന്നെങ്കിലും അഞ്ജനം തേക്കുന്നതിൽ അതിനിപുണയെന്നു പ്രസിദ്ധിനേടിയിട്ടുള്ള റാക്കേലിന്റെ കൈവേല അവയെ പൂൎവ്വോപരി ശോഭിപ്പിച്ചു. സ്വൎണ്ണനിൎമ്മിതങ്ങളായ രണ്ടു കങ്കണങ്ങൾ അവളുടെ കരങ്ങളെ അലംകരിച്ചിരുന്നു.

"ഓമനെ! നീ രൂപവതിതന്നെയാണ്! ഓൎശ്ശും മനോഹരവും രുചിരവുമാണല്ലൊ" എന്നുള്ള വേദവാക്യത്തെ ഭൎത്താവു മൃദുസ്വരത്തിൽ ഉച്ചരിച്ചു. ഭാൎയ്യ ഇതു കേട്ടു് വേറൊരു വാക്യം ഉദ്ധരിച്ചുകൊണ്ടു് സമാധാനം പറഞ്ഞു. "ഓ! ഭവതി എത്രയോ സൌന്ദൎയ്യവതി! എന്റെ സ്നേഹമേ! നീ എത്രയോ അഴകുള്ളവൾ! നിന്റെ "കണ്ണുകൾ പ്രാവിന്റെ കണ്ണുകൾക്കു തുല്യമായിരിക്കുന്നല്ലൊ". ഈ വാക്യങ്ങൾ അന്നാമ്മകേൾക്കുവാനല്ല അവർ ഉച്ചരിച്ചതെങ്കിലും അവൾ അവയുടെ സാരം ഗ്രഹിക്കാതിരുന്നില്ല. സ്വമാതാപിതാക്കന്മാരുടെ ഈ വിസ്മയസ്നേഹാദികളുടെ പ്രകടനത്തിനു വിഷയമായതിൽ അന്നാമ്മയ്ക്കു വല്യതായ ചാരിതാൎത്ഥ്യമുണ്ടായി. 'അപ്പാ! എന്റെ ജനനനാളിൽ അങ്ങും ഒന്നാന്തരം ഉടുപ്പു ധരിക്കണം. സ്വൎണ്ണബിന്ദുക്കളുള്ള ആ "കോട്ടു്" ഇടാതെ ഇന്നു ഞാൻ സമ്മതിക്കുല്ല. ക്ഷമിക്കണം. അപ്പൻ മുകളിലേക്കു കയറി ബുദ്ധിമുട്ടണമെന്നില്ല. ഞാൻ ചെന്നെടുത്തുകൊണ്ടു ഇപ്പോൾ വരാം.' എന്നു പറഞ്ഞുംവെച്ചു് ഉടുപ്പുവച്ചിരുന്ന പെട്ടി തുറന്നു് അതു് എടുത്തു കൊടുക്കുവാനായി അമ്മയേയും കൂട്ടിച്ചുകൊണ്ടു് അവൾ മുകളിലേക്കുപോയി.

(തുടരും.)

മററത്തിൽ കുൎയ്യൻകത്തനാർ.

## ഞങ്ങളുടെ റോമ്മാക്കത്തു്.

### കൊച്ചുത്രേസ്യാ അനുഗ്രഹീതയായി.

ഏപ്രിൽമാസം ൨൯-ാംനു- കത്തോലിക്കലോകത്തിനാകപ്പാടെയും, വിശേഷവിധിയായി ഫ്രഞ്ചു കത്തോലിക്കൎക്കും അതിൽ കൂടുതലായി കൎമ്മലീത്താ സഭക്കാൎക്കും ഒരു സുദിനമായിരുന്നു. അന്നായിരുന്നു ഫ്രാൻസുകാരിയും കൎമ്മലീത്താ സഭയിലെ ഒരംഗവുമായിരുന്ന ഉണ്ണിഈശോയുടെ കൊച്ചുത്രേസ്യായെ വാഴ്ത്തപ്പെട്ടവൾ എന്നു പേരു വിളിച്ചതു്.

പ്രസ്തുത കൎമ്മം പ്രമാണിച്ചു വി. പത്രോസിന്റെ ദേവാലയത്തിൽ നേരത്തേതന്നെവിശേഷ വിധത്തിലുള്ള അല

ങ്കാരങ്ങൾ തുടങ്ങീട്ടുണ്ടായിരുന്നു. ദേവാലയാന്തർഭാഗത്തെ ബ്രഹ്മാണ്ഡ തൂണുകളും ഭിത്തികളും അതിരമണീയമായ പട്ടുവസ്ത്രങ്ങളാൽ വിതാനിക്കപ്പെട്ടിരുന്നതിനുപുറമേ കർമ്മം നടത്തപ്പെടുവാനുള്ള പ്രധാന അൾത്താരയുടെ മുകളിലും അതിനടുത്തുള്ള സ്ഥലങ്ങളിലും വിചിത്രതരത്തിലുള്ള അനേകായിരം വിദ്യുദ്ദീപങ്ങൾ തൂക്കീട്ടുണ്ടായിരുന്നു.

നിർദ്ദിഷ്ടദിനമായ ൧൭-ാംനു- ഞായറാഴ്ച പ്രകൃതിതന്നെ വളരെ പ്രസാദിച്ചതായി കാണപ്പെട്ടു. തലേദിവസത്തെ മഴയും കാറുമെല്ലാം മറുകര കടന്നപോലെ തോന്നി. ബാലാർക്കൻ പൂർവ്വദിക്കിൽ പ്രസന്നമുഖനായി കാണപ്പെട്ടു. ദേവാലയ സൌധങ്ങളിൽനിന്നും പുറപ്പെട്ടന്ന മണിനാദത്താൽ ദിഗ്മണ്ഡലം ആകപ്പാടെ മാറെറാലികൊണ്ടു. മണി എട്ടായതിനോടുകൂടി അഹമഹമികയാ ജനങ്ങൾ ട്രാം, മോട്ടോർ, ജഡ്ക്കാ മുതലായ വാഹനസഞ്ചയങ്ങളിലും കാൽനടയായും വി. പത്രോസിൻെറ ദേവാലയത്തുങ്കൽ എത്തിത്തുടങ്ങി. പത്തുമണിക്കു നടക്കുവാൻപോകുന്ന ഈ കർമ്മത്തിനു ഇത്രനേരത്തെ ജനങ്ങൾ ഓടിക്കൂടുന്നതിനു കാരണമില്ലാതില്ല. ഫ്രാൻസിൽ നിന്നുതന്നെ അമ്പതിനായിരം തീർത്ഥയാത്രക്കാർ വരുന്നു എന്നുള്ള ഒരു വാസ്തവപ്രസ്താവന ഇതിനുമുമ്പേ ജനക്കൂട്ടത്തിൽ പ്രചരിച്ചിരുന്നു. മണി ഒൻപതര ആയപ്പോഴേക്കും പള്ളിയുടെ ഒട്ടുമുക്കാൽഭാഗവും ജനാവലിയാൽ നിറഞ്ഞുകഴിഞ്ഞു. പള്ളിയകം തിരശ്ശീലകൾകൊണ്ട് പലഭാഗങ്ങളായി വിഭജിച്ചിരുന്നു. പള്ളിയുടെ എട്ടുപട്ടത്തിൻെറ നാലു കോണിലും ഒരുക്കിയിരുന്ന ഉയർന്ന പ്ലാറ്റുഫോറങ്ങൾ എല്ലാം പ്രഞ്ചുകാരെക്കൊണ്ടു നിറഞ്ഞു. അവയുടെ മുകളിലുള്ള നാലു ട്രിബ്യൂനൽ (പള്ളിഅകത്തേക്കുന്തിനിൽക്കുന്ന തട്ടുകളിൽ) വലത്തുവശത്തെതിൽ വ. കൊച്ചുത്രേസ്യായുടെ സംബന്ധക്കാരരും, മറേറതിൽ പ. പിതാവിൻെറ ചാർച്ചക്കാരരും, ഇടത്തുവശത്തുള്ളവയിൽ കർമ്മലീത്താ സഭക്കാരായ കന്യാസ്ത്രീകളും നിന്നിരുന്നു. ഇടത്തും വലത്തുമുള്ള ട്രിബ്യൂനലിനു താഴെയായി വന്ദനീയമൂലം സംഭവിച്ചതും വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കുന്നതിനു പ്രധാന കാരണമായി തീർന്നവയുമായ രണ്ടത്ഭുതങ്ങളെ സൂചിപ്പിക്കുന്ന ചിത്രങ്ങളടങ്ങിയ കർട്ടൻസ് തൂക്കിയിട്ടിരുന്നു. ഇവയ്ക്കു പുറമേ പ്രധാന അൾത്താരയുടെ മുകളിൽ കൊച്ചുത്രേസ്യാ അനേകായിരം മാലാഖമാരുടെ അകമ്പടിയോടുകൂടി കൈകളെ ആകാശത്തിലേക്കു ഉയർത്തിപ്പിടിച്ചുകൊണ്ടു പ്രാർത്ഥിക്കുന്ന ഒരു പടവും, പ്രധാന വാതുക്കൽ, ൧൫ വയസ്സു പ്രായമുള്ളപ്പോൾ മഠത്തിൽ ചേരുന്നതിനു തൻെറ പിതാവിനോടനുവാദം ചോദിക്കുന്നതിനെ സൂചിപ്പിക്കുന്ന ഒരു ചിത്രവും, പള്ളിമുഖവാരത്തിൽ കൊച്ചുത്രേസ്യാ പ. കന്യക മറിയത്തിൻെറ പാദാരവിന്ദങ്ങളിൽ അണഞ്ഞിരിക്കുന്ന ഒരു ചിത്രവും തൂക്കപ്പെട്ടിരുന്നു. ഈ പടങ്ങൾ മൂന്നും പച്ചവസ്ത്രങ്ങളാൽ മൂടപ്പെട്ടിരുന്നു.

മണി പത്തായപ്പോഴേക്കും കാർമ്മികന്മാർ പള്ളിയിൽ പ്രവേശിച്ചു. പ്രാരംഭചടങ്ങുകൾക്കു ശേഷം വി. പത്രോസിൻെറ ബസിലിക്കായുടെ അധികാരിയായ മഹോന്നത കർദ്ദിനാൾ മേറി അവർകളുടെ അനുവാദത്തോടുകൂടി മോൺസിഞ്ഞോർ ഹൊറേഷ്യസ് വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കുന്നതിനുള്ള പ. പിതാവിൻെറ തിരുവെഴുത്തു പള്ളിയിൽ പരസ്യപ്പെടുത്തുകയും, പെട്ടെന്നു മൂടപ്പെട്ടിരുന്ന പടങ്ങളുടെ വിരികൾ നീക്കപ്പെടുകയും അതേനിമിഷത്തിൽതന്നെ സകല വൈദ്യുതദീപങ്ങളും പ്രകാശിക്കുകയും ഉണ്ടായി. അൾത്താരയുടെ മുകളിൽ ഉണ്ടായിരുന്ന പടം കണ്ടാൽ അപ്പോൾ സ്വർഗ്ഗത്തിൽനിന്നു ദൈവദൂതന്മാരുടെ അകമ്പടിയോടുകൂടി കൊച്ചുത്രേസ്യാ വന്നിരിക്കുകയാണോ എന്നു തോന്നും. സ്വർഗ്ഗീയമായ ഒരു പ്രഭയാൽ ശോഭിച്ച പ്രധാന മദ്ബഹാ സ്വർഗ്ഗസമാനമായിത്തന്നെ തോന്നി. പള്ളിയകത്തു പെട്ടെന്നു വ്യാപിച്ച നിശബ്ദതയെ ഭഞ്ജിക്കുമാറു പ്രധാന കാർമ്മികൻ "ലാക് ആലാഹാ" (Te Deum) എന്ന സ്തോത്രഗീതം ആരംഭിക്കുകയും പാട്ടുകാരോടുകൂടി സകലരും ചേർന്നു കർണ്ണാനന്ദകരമായ വിധത്തിൽ അതു പാടുകയും ചെയ്തു. ഇതിനു ശേ

ഷം Lisieux ലിസോയിലെ മെത്രാൻ (കൊച്ചുത്രേസ്യായുടെ മിസ്സത്തിലെ മെത്രാൻ) പോൻറിഫിക്കൽപൂജ അണച്ചു. ഇതോടുകൂടി ഉച്ചയ്ക്കു മുമ്പുള്ള കർമ്മങ്ങൾ അവസാനിച്ചു.

ഉച്ചകഴിഞ്ഞുള്ള കർമ്മങ്ങൾക്കു പ. പിതാവിൻറെ സാന്നിദ്ധ്യം ഉണ്ടാകുന്നതിനാൽ പള്ളിയിൽ പ്രവേശനത്തിനു പ്രത്യേക ടിക്കററു വേണ്ടിയിരുന്നു. പ. പിതാവു് സംബന്ധിക്കുന്ന സകല കർമ്മങ്ങൾക്കും ടിക്കററുമൂലമാണു് പള്ളിയിൽ പ്രവേശനം എന്നുള്ളതു പ്രസ്താവ്യമാണു്. ടിക്കററിൻറെ കാര്യം പറഞ്ഞപ്പോൾ എൻറെ മുൻ ഒരു ലേഖനത്തിൽ "വത്തിക്കാനിൽ പ്രവേശനത്തിനുള്ള അന്നത്തെ ടിക്കററു സൗജന്യമായിരുന്നു" എന്നു എഴുതിയിരുന്നതു് അല്പ തെററിധാരണയ്ക്കിടയാക്കീട്ടില്ലയൊ എന്നു ഓർക്കുന്നതിനിടയായി. ടിക്കററു എല്ലാപ്പോഴും സൗജന്യം തന്നെയാണു്. കണക്കിൽ കവിഞ്ഞും കണ്ടമാനവും ജനങ്ങൾ കയറാതിരിക്കുന്നതിനുവേണ്ടി മാത്രമാണു ടിക്കററു വച്ചിരിക്കുന്നതു്. സംഖ്യാതീതമായി ജനങ്ങൾ വരുന്നുണ്ടെന്നുള്ളതു് ഇതുപോലുള്ള പല അവസരങ്ങളിലും നേരത്തെ അപേക്ഷിക്കാത്ത പലർക്കും ടിക്കററു കിട്ടാതെ വരുന്നതുകൊണ്ടുതന്നെ ഊഹിക്കാം.

ഉച്ചകഴിഞ്ഞുള്ള ചടങ്ങുകൾ അഞ്ചരമണിക്കുമാത്രമേ ആരംഭിക്കുകയുള്ളു. എങ്കിലും നാലുമണി മുതൽ പള്ളിയിൽ പ്രവേശനമുണ്ടെന്നറിഞ്ഞിരുന്നതിനാൽ, നേരത്തെ സ്ഥലംപിടിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞങ്ങളും പുറപ്പെട്ടു. പക്ഷേ (Pizza St. Petro) പള്ളിമുററത്തു എത്തിയപ്പോൾ അവിടെ കണ്ട കാഴ്ച വളരെ ഇച്ഛാഭംഗത്തിനിടയാക്കി. പള്ളിമുഖവാരത്തിലേക്കു എത്തിനോക്കുന്നതിനുകൂടി പാടില്ലാത്തവണ്ണം മുററവും പരിസരപ്രദേശങ്ങളും ജനാവലിയാൽ നിറഞ്ഞിരുന്നു. വിവിധതരത്തിലുള്ള വാഹനങ്ങളിൽ വന്നുകൊണ്ടിരുന്ന പ്രഞ്ച്യുകാരുടെ സംഖ്യ അമ്പതിനായിരത്തിൽ കൂടുതലുണ്ടെന്നു വിചാരിക്കാൻ ന്യായമുണ്ടു്. ജനക്കൂട്ടത്തിൻറെ ഇടയിൽകൂടി ഒരുപ്രകാരത്തിൽ തിക്കിത്തിരക്കി പള്ളിനടയ്ക്കൽ ചെന്നപ്പോൾ ആയുധപാണികളായ ഇത്താലിയൻ മുൻസിപ്പൽ പട്ടാളക്കാർ ഒരു വേലിപോലെ അകത്തേക്കുള്ള പ്രവേശനത്തെ തടഞ്ഞു നിന്നിരുന്നു. വത്തിക്കാനിലും സെൻറു പീറേറഷ്സിലും നടത്തപ്പെടുന്ന ഇതുപോലുള്ള പ്രധാന കർമ്മങ്ങൾക്കു് മതിൽക്കെട്ടിനു വെളിയിൽ ജനക്കൂട്ടത്തിൽ കുഴപ്പങ്ങളുണ്ടാകാതെ സൂക്ഷിക്കുവാൻ ഇത്താലിയൻ പട്ടാളത്തിൽനിന്നു ഒരു സംഘത്തെ അയയ്ക്കുക എന്നൊരു പതിവുണ്ടു പോലും. ഇപ്പോൾ ഇത്താലിയൻ മന്ത്രിപദത്തെ അലങ്കരിക്കുന്ന സിഞ്ഞോർ മുസൊലീനി വത്തിക്കാനുമായുള്ള മൈത്രിക്കു ശ്രമിക്കുന്ന ആളായതുകൊണ്ടാണെന്നു തോന്നുന്നു ഒരു നല്ലസംഘം പട്ടാളക്കാരെയാണു ഇത്തവണ അയച്ചിരുന്നതു്. ഈ പട്ടാളലൈനിൽ നടുക്കും ഇരുവശങ്ങളിലും ഇങ്ങിനെ മൂന്നുസ്ഥലത്തും ഇതുപോലെതന്നെ ചമയപ്പുരയുടെ വാതിലിനു മുമ്പിലുണ്ടായിരുന്ന ലൈനിലും ടിക്കററു പരിശോധിച്ചു് ജനങ്ങളെ അകത്തേയ്ക്കു കടത്തിവിട്ടിരുന്നു.

ഏതെങ്കിലും അകത്തു പ്രവേശിക്കുകതന്നെ എന്നുവച്ചു്, ഒരു സ്ഥലത്തുകൂടി ടിക്കററു കാണിച്ചു് പള്ളിമൊണ്ടളത്തിൽ പ്രവേശിച്ചപ്പോൾ ഇനി ടിക്കററു പരിശോധന ഉണ്ടാകയില്ലെന്നു വിചാരിച്ചു് സ്വല്പം ഒന്നാശ്വസിച്ചു നില്ക്കുമ്പോൾ കേൾക്കാം കർണ്ണാനന്ദകരമായ ബാൻറു്. വത്തിക്കാനരമനയിലേക്കുള്ള ഗോവണിവഴി അനേകം പട്ടാളക്കാർ വരുന്നതു കാണാറായി. അതേ! പരിശുദ്ധ പിതാവിൻറെ പാലറൈറൻ, സ്വിസ് പട്ടാളങ്ങളുടെ ആ വരവൊന്നു കാണേണ്ടതുതന്നെ ആയിരുന്നു. ഇവർ വന്നു പള്ളിയകത്തേക്കു കയറുന്നതു് അല്പനേരം നോക്കിനിന്നശേഷം ഞങ്ങൾ ഇടത്തുവശത്തെ വാതുക്കൽ എത്തി. അവിടത്തെ ബഹളം ഒട്ടും ചില്ലറയല്ലായിരുന്നു. 'ബിലിയത്തൊ', 'ബിലിയത്തൊ' (ടിക്കററു) എന്നു വിളിച്ചുപറഞ്ഞുകൊണ്ടു നിന്ന നാലാളുകളിൽ ഒരുത്തനെ ടിക്കററു കാണിച്ചു ഞാൻ അകത്തു പ്രവേശിച്ചു. പള്ളിയിൽ അത്ര അധികം ആളുകളില്ലായിരിക്കുമെന്നു വിചാരിച്ചിരുന്ന എന്നെ അവിടെ കണ്ട കാഴ്ച

വല്ലാതെ നിരാശപ്പെടുത്താതിരുന്നില്ല. മുക്കാൽഭാഗവും ജനങ്ങളാൽ നിറഞ്ഞിരുന്നു. വെള്ളക്കാരായ ജനസമൂഹത്തിൽപെട്ട എന്റെ സ്ഥിതി മഹാസമുദ്രത്തിലെ ഒതളങ്ങാപോലെ എന്നുപറഞ്ഞാൽ അതിശയോക്തി ലവലേശം ഉണ്ടാകയില്ല. നമ്മുടെ നിറം എല്ലായിടത്തും ഒരു സഹായമായി പരിണമിച്ചു. കറുത്ത മനുഷ്യനെ കണ്ടതിനാലുള്ള അതിശയംകൊണ്ടോ ഭയംകൊണ്ടോ പലരും എളുപ്പം വഴിമാറിത്തരികയുണ്ടായി. എങ്കിലും ടിക്കററില്ലാതെ അകത്തുകടന്ന വിഡ്ഢിപ്പിള്ളേരിൽ ചിലർ ഞങ്ങളുടെ ടിക്കററു തട്ടിപറിക്കുന്നതിനും ശ്രമിക്കാതിരുന്നില്ല. വലിയ ഉന്തുംതള്ളും ഒന്നും ഏൽക്കാതെ പള്ളിയുടെ മദ്ധ്യഭാഗത്തെത്തി! വലത്തുവശത്തോട്ടു നോക്കുമ്പോൾ സിംഹാസനത്തിൽ ഒരു കറുത്ത പാപ്പാ ഇരിക്കുന്നതു കണ്ടു. അല്പംകൂടി അടുത്തുചെന്നപ്പോൾ ലോഹംകൊണ്ടു ഒരു ഒത്തയാളിന്റെ വലിപ്പത്തിൽ പണിതുവച്ചിട്ടുള്ള വി. പത്രോസിന്റെ രൂപത്തെ മാർപ്പാപ്പായിക്കുടുത്ത വസ്ത്രങ്ങൾ അണിയിച്ചിരിക്കുന്നതാണെന്നു മനസ്സിലായി. ഞാൻ അങ്ങിനെ രൂപത്തെ നോക്കിനിൽക്കുമ്പോൾ എന്റെ കൂട്ടത്തിൽ വന്നിരുന്ന *രണ്ടു ചൈനാക്കാരെ കണ്ടു. ഉടനെ അവരോടൊന്നിച്ചു മുൻപോട്ടു നടന്നുതുടങ്ങി. ഞങ്ങൾ മൂന്നേഷ്യാക്കാർ യൂറോപ്യൻ സമുദ്രത്തിൽ പതച്ചുനടക്കുമ്പോൾ ഒരു ആസ്ത്രേലിയാക്കാരൻ ഇടസ്സുള്ള ടിക്കററു പരിശോധകന്മാരാൽ തടയപ്പെട്ടതിനാൽ ഇച്ഛാഭംഗത്തോടെ മടങ്ങിവരുംവഴി ഞങ്ങളെ കാണുകയും, ഇതുതന്നെ അവസരമെന്നു കരുതി ഞങ്ങളേയുംകൊണ്ടു ടിക്കററു കളക്ടറരുടെ പക്കൽ ചെന്നു് ഈ ചൈനാക്കാർ പ. പിതാവിനെ ഒരിക്കലും കണ്ടിട്ടില്ലെന്നു പറകയും ഉടനെ അയാൾ Va bene (കൊള്ളാം) പറഞ്ഞു ക്ഷണത്തിൽ ഞങ്ങൾ നാലുപേരേയും മുമ്പോട്ടു കടന്നുപോകുന്നതിനു അനുവദിക്കുകയും ചെയ്തു.

അൽത്താരയുടെ വലത്തുവശത്തു മെത്രാന്മാർ, മെത്രാപ്പോലീത്താന്മാർ, പാത്രിയർക്കീസന്മാർ മുതലായ വൈദികാദ്ധ്യക്ഷന്മാരും ഇടത്തുവശത്തു് പ്രഭുക്കന്മാർ, രാജപ്രതിനിധികൾ മുതലായവർ കുടുംബസമേതവും, അവരവർക്കൊരുക്കിയിരുന്ന സ്ഥാനങ്ങളിൽ ഇരുന്നിരുന്നതിനുപുറമേ ഞാൻ അവിടെ ചെന്നതിനുശേഷവും അനേകർ വരുന്നതുകണ്ടു. മണി അഞ്ചായപ്പോഴേക്കും ആ ബ്രഹ്മാണ്ഡദേവാലയം സൂചികുത്താൻ സ്ഥലമില്ലാത്തവണ്ണം ജനാവലിയാൽ നിബിഡീകൃതമായി. മണി അഞ്ചര ആകാൻപോകുന്നു. ഒരാളുടെ അഭാവത്താൽ എല്ലാവരും അക്ഷമന്മാരായിത്തീരുന്നു. ഇതാ മണി അഞ്ചരയായി; പരിശുദ്ധപിതാവിന്റെ വരവിനെ അറിയിക്കുന്ന കാഹളനാദത്താൽ ദേവാലയവും പരിസരപ്രദേശങ്ങളും മുഴങ്ങിക്കഴിഞ്ഞു. ജനക്കൂട്ടത്തിൽ എന്തെന്നില്ലാത്ത ഒരു ആഹ്ളാദമോ, പരിഭ്രമമോ കാണപ്പെടുന്നു. ആസനസ്ഥരായിരുന്നവർ സാദരം എഴുന്നേൽക്കുന്നു– സകലരും ആനന്ദതുന്ദിലരായി ദേവാലയമുഖവാരത്തിലേക്കു നോക്കുന്നു. Attention എന്നു പാലറൈറൻ പട്ടാളനായകൻ വിളിച്ചുപറഞ്ഞതിനോടെ ജനസമൂഹത്തിൽ നിന്നു Viva il Papa എന്നുള്ള ആഹ്ളാദശബ്ദം മുഴങ്ങിക്കൊണ്ടിരുന്നു. ഇതാ പെട്ടെന്നൊരു നിശബ്ദത ആ ജനക്കൂട്ടത്തെ ബാധിക്കുന്നു. അതേ! ക്രിസ്തുവിന്റെ സ്ഥാനപതി സാക്ഷാൽ ക്രിസ്തുവിനെ ദിവ്യകാരുണ്യകപ്പേളയിൽ ആരാധിക്കുന്ന സമയമായി എന്നു ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. അഞ്ചു വിനാഴിക നേരം സിംഹാസനത്തിൽ നിന്നും ഇറങ്ങി മുട്ടിന്മേൽനിന്നു ദിവ്യകാരുണ്യസന്നിധിയിൽ ആരാധിച്ചശേഷം വീണ്ടും പ. പിതാവു സിംഹാസനസ്ഥനായി ജനതാമദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ജനക്കൂട്ടം കൈകൊട്ടി തങ്ങളുടെ ആനന്ദത്തെ പ്രദർശിപ്പിച്ചു. പ. പിതാവാകട്ടെ നല്ല ഇടയൻ തന്റെ പല നിറത്തിലും ബഹുതരത്തിലുമുള്ള അജക്കൂട്ടത്തെ കാണുമ്പോൾ പ്രദർശിപ്പിക്കുന്ന സന്തോഷംപോലെ, മന്ദസ്മിതത്തോടുകൂടി ഇരുവശത്തും മുകളിലുമുള്ള പ്ലാററുഫോറങ്ങളിലും മുട്ടിന്മേൽ നിന്നിരുന്ന ജനതതിയെ തന്റെ പൈതൃകാശിസ്സിനാൽ അനുഗ്രഹിച്ചുകൊണ്ടു് സിംഹാസനത്തിൽ ആവഹിക്ക

പ്പെട്ടു മന്ദംമന്ദം മദ്ബഹായിലേക്കടുത്തു. ഈ സമയത്തേക്കു തന്റെ അകമ്പടിക്കാരായ മോൺസിഞ്ഞോറന്മാരും മററു സ്ഥാനക്കാരും തൽസ്ഥാനത്തെത്തിയിരുന്നു. പ. പിതാവിന്റെ സിംഹാസനത്തിനു പിമ്പിലായി തന്റെ അംഗരക്ഷകന്മാരായ ൧൨ നോബിൾ ഗാർസസ് ആയുധപാണികളായും അവരെ തുടർന്നു ൨൫-ൽപരം കർദ്ദിനാളന്മാരും മദ്ബഹായിൽ പ്രവേശിച്ചു. പ. പിതാവു് സിംഹാസനത്തിൽനിന്നും ഇറങ്ങി പരസ്യമായി എഴുന്നള്ളിച്ചുവച്ചിരുന്ന ദിവ്യകാരുണ്യത്തിന്റെയും വാ. കൊച്ചുത്രേസ്യായുടെ തിരുശേഷിപ്പിന്റെയും മുമ്പാകെ പത്തുവിനാഴികയോളം പ്രാർത്ഥിച്ചു. ഉടനെ തന്നെ ദിവ്യകാരുണ്യവാഴ്വ നടത്തുന്നതിനുള്ള കാർമ്മികന്മാരും ഹാജരായി. പ. പിതാവുതന്നെ വി. കുർബാനയും തിരുശേഷിപ്പും രണ്ടുപ്രാവശ്യം ധൂമിച്ചു. മുറപ്രകാരമുള്ള പ്രാർത്ഥനക്കുശേഷം പ. പിതാവിന്റെ അനുമതിയോടുകൂടി ലിസോയുടെ മെത്രാൻ ദിവ്യകാരുണ്യവാഴ്വ നൽകി. വാഴ്വസമയത്തു പട്ടാളക്കാർ വാൾ ഊരിപ്പിടിച്ചുകൊണ്ടു പെട്ടെന്നു മുട്ടിന്മേൽനിന്നു ആരാധിക്കുന്നവിധം വളരെ ഭക്തിസംവർദ്ധകവും മനോഹരവുമായിരുന്നു എന്നുള്ളതു പ്രസ്താവയോഗ്യമാണു്.

വാഴ്വകഴിഞ്ഞു കർമ്മലീത്താ സഭയുടെ ജനറാൾ അതിവിശേഷമായ ഒരു അരുളിക്കായിൽ വാഴ്ത്തപ്പെട്ടവളുടെ തിരുശേഷിപ്പും, കർമ്മലീത്താ കന്യാസ്ത്രീകളാൽ അതിമനോഹരമായ വിധത്തിൽ ഉണ്ടാക്കപ്പെട്ടതും അനേക സംഗതികളെ സൂചിപ്പിക്കുന്നതുമായ ഒരു റംശേത്തിയും കൊച്ചുത്രേസ്യായുടെ ജീവചരിത്രസംക്ഷേപവും പരിശുദ്ധ പിതാവിനു കാഴ്ചയായിട്ടു സമർപ്പിച്ചു. തിരുമേനി അവയെ സന്തോഷത്തോടെ സ്വീകരിച്ചു് തന്റെ ആശീർവ്വാദം നൽകിയതിനു ശേഷം സിംഹാസനസ്ഥനായി വന്നവിധത്തിൽതന്നെ തന്റെ അരമനയിലേക്കു മടങ്ങുകയും ചെയ്തു. ഇതിനുശേഷം രാജാതിഥികൾക്കും മററും കൊച്ചുത്രേസ്യായുടെ പടവും മററും കർമ്മലീത്താ സഭക്കാർ കൊടുക്കുകയുണ്ടായി. ബഹളമെല്ലാം ഒരുവിധം ശമിച്ചശേഷം ഇതെഴുതുന്ന ആളും കൊച്ചുത്രേസ്യായുടെ തിരുശേഷിപ്പിനെ വണങ്ങി ആനന്ദതുന്ദിലനായി അധികാരികളുടെ കല്പനയെ അനുസരിച്ചു് പള്ളിക്കു വെളിയിൽവന്നു കൂട്ടത്തിൽ ചേരുകയും ചെയ്തു. ഈ തിരുകർമ്മത്തിൽ അനേകം മെത്രാപ്പോലീത്താമാരും മെത്രാന്മാരും നിരവധി ജനങ്ങൾക്കും പുറമേ ബൈദറാണിയായിലെ പ്രഭുകുടുംബവും വത്തിക്കാനിലെ രാജ്യപ്രതിനിധികളെല്ലാവരും സന്നിഹിതരായിരുന്നു എന്നുള്ളതു പ്രസ്താവാർഹമായിരിക്കുന്നു. കർമ്മലീത്താ സഭക്കാരായ വാ. കൊച്ചുത്രേസ്യായുടെ മൂന്നു സഹോദരികൾ ജീവിക്കുന്നുണ്ടു്. അവരിൽ ഒരാളും ഈ തിരുകർമ്മത്തിൽ പങ്കുകൊള്ളുകയുണ്ടായി.

ഇതിനുശേഷം മേയ് മാസം ൧൦-ാംനു വൈദികരുടെ തിരുഹൃദയ സഭാസ്ഥാപകനായ മിഖേൽ ഗാറിക്കോയിററ്സ് എന്ന വന്ദനീയനെയും മേയ് മാസം ൧൩-ാംനു കർദ്ദിനാൾ ബെല്ലർമ്മീനൊ എന്ന വന്ദനീയനേയും വാഴ്ത്തപ്പെട്ടവർ എന്നു വിളിക്കുന്നതാണു്. ഈ വാഴ്ത്തപ്പെട്ടവർ മൂവരേയും വേഗം പുണ്യവാന്മാരുടെ പദവിയിലേക്കു ഉയർത്തുന്നതിനു് എല്ലാവരും പ്രാർത്ഥിക്കണമെന്നപേക്ഷിച്ചുകൊണ്ടു് തൽക്കാലം അവസാനിപ്പിക്കുന്നു.

കാപ്പിൽ കുര്യാക്കോസു ശ.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു.

### നിങ്ങളുടെ തിരുനാൾ.

പ്രിയകുഞ്ഞുങ്ങളേ! ഈ മാസത്തിൽ നിങ്ങൾക്കു സ്വന്തമായ ഒരു തിരുനാളുണ്ടെന്നു ഞാൻ പറയാതെ തന്നെ അറിയാമല്ലൊ. പതിനാറാം തീയതി തിങ

ളാഴ്ചയാണു നമ്മുടെ അമ്മ കർമ്മലമാതാവിന്റെ തിരുനാൾ. കുഞ്ഞുമക്കളായ നിങ്ങൾക്കു തന്റെ സ്വർഗ്ഗീയ ദാനങ്ങളെ ധാരാളമായി തരുന്നതിനു ഈ പരിശുദ്ധ മാതാവു പ്രസ്തുത ദിവസം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. തക്കവിധം അതിന്നായി ഒരുങ്ങുന്ന മക്കൾക്കു എത്രയോ ഭാഗ്യം!

“അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങണമെന്നുവച്ചു” നമ്മുടെ ശത്രുവായ പിശാചു സദാ ഓടിനടക്കുന്നു. ഹാ! കുററമില്ലാത്ത എത്ര നിർമ്മലശിശുക്കളെയാണു പ്രതിദിനം ഈ ഭയങ്കരസിംഹം വിഴുങ്ങുന്നതു്. നരകസർപ്പത്തിന്റെ തലയെ തകർത്തിയ ഈ പരിശുദ്ധ കന്യകയുടെ സഹായമില്ലായിരുന്നെങ്കിൽ നിങ്ങളും അവന്റെ വലയിൽ വീണുപോയേനെ. ആകയാൽ പ്രിയ കുഞ്ഞുങ്ങളേ! ഈ തിരുനാൾദിവസം ഹൃദയപൂർവ്വം നമ്മുടെ മാതാവിനു ഉപകാരസ്മരണ ചെയ്യു. ഇനിയും അവിടത്തേയ്ക്കു യോഗ്യമക്കളായി തീർന്നിട്ടില്ലെങ്കിൽ ലജ്ജിച്ചു പൊറുതി അപേക്ഷിക്കുക. മേലാലെങ്കിലും അമ്മയ്ക്കു തക്ക മക്കളായി ജീവിച്ചുകൊള്ളാമെന്നു സ്ഥിരമായ പ്രതിജ്ഞചെയ്യുക. അമ്മയുടെ സങ്കേതത്തിൽ മുഴുവനായിട്ടു നിങ്ങളെ ഏല്പിക്കുക. അതല്ലെങ്കിൽ ദുഷ്ട ശത്രു നിങ്ങളെ തട്ടിക്കൊണ്ടുപോകാതിരിക്കയില്ല.

പിശാചിനു മഹാ ഭയമുള്ള ഒരായുധമായിട്ടാണു പരിശുദ്ധ അമ്മ തന്റെ ഉത്തരീയത്തെ നമുക്കു തന്നിരിക്കുന്നതു. ഉത്തരീയം മുറപ്രകാരം ധരിക്കാത്തവരായി ഇനിയും നിങ്ങളുടെകൂട്ടത്തിൽ വല്ലവരുമുണ്ടോ? ഉണ്ടെങ്കിൽ അനുവാദമുള്ള ഏതെങ്കിലും പട്ടക്കാരന്റെ പക്കൽ ചെന്നു് ഉടനെ അതു ധരിക്കണം. മുമ്പു ക്രമപ്രകാരം ഉത്തരീയം ഏററിട്ടുള്ളവരാണെങ്കിൽ, അതു നഷ്ടപ്പെട്ടുപോയാൽ വേറേ വാങ്ങിച്ചു ഇട്ടുകൊണ്ടാൽ മതി. രോമത്തുണികൊണ്ടു ന്യായാനുസരണം ഉത്തരീയം ഏററശേഷം അതിനുപകരം ആശീർവ്വദിക്കപ്പെട്ട കാശുരൂപം ധരിച്ചാലും മതിയായിരിക്കുന്നു.

ഈ ഉത്തരീയം ധരിച്ചുകൊണ്ടു മരിക്കുന്നവർ നിത്യനരകാഗ്നിയിൽ ഉൾപ്പെടുകയില്ലെന്നാണു ദൈവജനനി അരുളിച്ചെയ്തിരിക്കുന്നതു്. കൂടാതെ ശുദ്ധീകരസ്ഥലത്തിൽനിന്നു അവരെ ശീഘ്രത്തിൽ രക്ഷിക്കുന്നതാണെന്നും അവിടുന്നു വാഗ്ദാനം ചെയ്തിട്ടുണ്ടു്. അവനവന്റെ അന്തസ്സിന്നടുത്ത വിധത്തിൽ പരിശുദ്ധ കന്യാവ്രതം കാക്കുന്നവർക്കാണു് ഈ ഒടുവിൽപ്പറഞ്ഞ വരം പറഞ്ഞൊത്തിരിക്കുന്നതെന്നു നിങ്ങൾ നല്ലപോലെ ഓർത്തുകൊള്ളണം. പരിശുദ്ധയായ അമ്മയുടെ ദാനം അശുദ്ധരായ മക്കൾക്കു ലഭിക്കുന്നതല്ല.

വീണ്ടും എല്ലാവരോടും തിരുനാൾമംഗളം പറഞ്ഞു വിരമിക്കുന്നു.

എന്നു് നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## തിരുഹൃദയഭക്തന്മാർ ൧൯൨൩ കർക്കടകമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

“വേദപ്രചാര സംഘങ്ങൾ”

ലോകരക്ഷാർത്ഥം മർത്ത്യാവതാരം ചെയ്ത ദൈവപുത്രൻ തന്റെ സുവിശേഷോപദേശത്തെ എല്ലാ ജാതിക്കാർക്കും പോയി പ്രസംഗിക്കുന്നതിനുള്ള ചുമതല തന്റെ ശിഷ്യന്മാരെയാണു ഏല്പിച്ചതു്. പന്തക്കുസ്താ തിരുനാൾ മുതൽ അവർ ഈ ജോലി സർവ്വാത്മനാ നിർവഹിച്ചു തുടങ്ങുകയും, യൂദന്മാരുടെ ഭീഷണികളേയും അജ്ഞാനികളുടെ പീഡനകളേയും ഗണ്യമാക്കാതെ സത്യവേദത്തെ രക്തം ചിന്തി പ്രചരിപ്പിക്കയുംചെയ്തു. അവരെ തുടന്നു വേദപ്രചാരണജോലി തിരുസഭയിൽ അദ്യാപി ഊർജ്ജിതമായി നടന്നുപോരുന്നുണ്ടു്. അതിനാൽ ലോകത്തിൽ ഇപ്പോഴുള്ള ഇരുനൂറു കോടിയിൽപ്പരം ജനങ്ങളിൽ ൩൦ കോടിയിലധികവും ക

ത്തോലിക്കാ ക്രിസ്ത്യാനികളാണ്.

നാല്പ സംവത്സരത്തോളം ദീൎഘിച്ച ഭയങ്കരമായ ലോകമഹാ സമരം വേദ പ്രചാരത്തിനു ഒരു മഹാ പ്രതിബന്ധമായിത്തീരുകയുണ്ടായി. ആളുകൊണ്ടും ധനംകൊണ്ടും ഈ വിഷയത്തിൽ മുന്നിട്ടുനിന്നു പ്രവൎത്തിച്ചിരുന്ന ഫ്രാൻസ് ബൽജിയം മുതലായ കത്തോലിക്കാ രാജ്യങ്ങൾ ഘോരസമരത്തിന്റെ രംഗസ്ഥാനങ്ങളായിത്തീൎന്നു. പട്ടക്കാരും ശമ്മാശന്മാരും, സന്യാസികളുംസന്ന്യാസാൎത്ഥികളും, ആയുധം ധരിച്ചു യുദ്ധത്തിന്നിറങ്ങാൻ നിൎബന്ധിക്കപ്പെട്ടു. സെമ്മിനാരികളും മിഷ്യനറി ക്കോളേജുകളും, നവസന്യാസഭവനങ്ങളും യുദ്ധാഭ്യസന ശാലകളായി രൂപാന്തരപ്പെടുത്തി. ൧൯൧൮-ൽ യുദ്ധം അവസാനിച്ചെങ്കിലും അതിന്റെ നാശകര ഫലങ്ങൾ ഇനിയും നീണ്ടു നില്ക്കുന്നതേയുള്ളു.

വേദപ്രചാരണ വിഷയത്തിൽ നേരിട്ടിട്ടുള്ള ഈ പ്രതിബന്ധങ്ങളെ നിവാരണം ചെയ്യുന്നതിലേക്ക ലോകമൊട്ടുക്ക ശ്രമം ചെയ്തുവരുന്ന ഒരു ഘട്ടമാണിത്. പരിശുദ്ധ പിതാവു ൧൫-ാം ബനദിക്തോസ് മാൎപ്പാപ്പാ തിരുമനസ്സിലെ Maxime illud എന്ന തിരുവെഴുത്തു വഴിയായി അത്ഭുതപൂൎണ്ണമായ ഒരുണൎച്ച ഇക്കാൎയ്യത്തിൽ സൎവ്വത്ര വ്യാപിക്കയുണ്ടായി. അനന്തരം കഴിഞ്ഞ കൊല്ലം വേദപ്രചാരസംഘത്തിന്റെ ശതവൎഷാഘോഷാവസരത്തിൽ പതിനൊന്നാം പീയൂസു മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രസ്തുത സംഘത്തിന്റെ ആസ്ഥാനം പാരീസിൽനിന്നു റോമായിലേക്ക മാററുകയും പരിശുദ്ധ പിതാവുതന്നെ അതിന്റെ ആദ്ധ്യക്ഷം കയ്യേൽക്കുകയും, ലോകമൊട്ടുക്കുള്ള മെത്രാന്മാരുടെ കീഴിൽ ശാഖാസംഘങ്ങൾ സ്ഥാപിച്ച് കാൎയ്യക്ഷമമായി പ്രവൃത്തി തുടങ്ങുന്നതിനു ഏൎപ്പാടുചെയ്യുകയും ചെയ്യുതിനോടെ ഇക്കാൎയ്യത്തിലുണ്ടായിട്ടുള്ള അഭിവൃദ്ധി ആശ്ചൎയ്യജനകമെന്നേ പറവാനുള്ളു. പണംകൊണ്ടും പ്രാൎത്ഥനകൊണ്ടുംവേദപ്രചാരണവേലയിൽസഹായിക്ക എന്നുള്ളതാണല്ലൊ ഈ സംഘാംഗങ്ങളുടെ ചുമതല. കഴിഞ്ഞകൊല്ലംഇംഗ്ലണ്ടിലെ എല്ലാ ഇടവക സംഘങ്ങളിൽനിന്നുമായി പതിനയ്യായിരം പവൻ ഇതിലേക്ക പിരിഞ്ഞിട്ടുള്ളതായി കാണുന്നു. ഇത്ര വലിയ പിരിവു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തതാണ്. ഇതുപോലെയുള്ള കൂടുതൽ അഭിവൃദ്ധി എല്ലാ ഭാഗത്തും കാണ്മാനുണ്ട്. ഇൻഡ്യയിലും പുതിയ വ്യവസ്ഥ അനുസരിച്ചു സംഘങ്ങൾ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. എൎണാകുളം മിസ്സത്തിലെ സംഘ നടപടികൾ അത്യന്തം അനുകരണീയമാണെന്നു പറയണം. ഇപ്രകാരം വേദപ്രചാര സംഘങ്ങളും, തദ്വാരാ വേദപ്രചാരവും ക്രമപ്രവൎദ്ധകമായിത്തീരുന്നതിനു തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രാൎത്ഥിക്കണം.

ചിങ്ങമാസം
"കത്തോലിക്ക സാഹിത്യകാരന്മാർ"

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. The First Annual Report of the Catholic School Managers' Association, Cochin State.

ഊൎജ്ജിതമായി ഒരാണ്ടത്തെ ജോലി നടത്തിയശേഷം കൊച്ചിയിലെ കത്തോലിക്ക സ്കൂൾ മാനേജരന്മാരുടെ സംഘം പൊതുജനസമക്ഷം സമൎപ്പിച്ചിരിക്കുന്ന ഒരു വാൎഷികറിപ്പോൎട്ടാണിത്. കത്തോലിക്കാസഭ, യുവജനങ്ങളുടെ ശരിയായ വിദ്യാഭ്യാസം അതിന്റെ ഒരു പ്രധാനചുമതലയായി പരിഗണിച്ചു പ്രവൃത്തിച്ചുപോരുന്നതിനാൽ, എല്ലാ രാജ്യത്തും കത്തോലിക്കർ, യാതൊരു പ്രതിഫലേച്ഛയും കൂടാതെയെന്നുമാത്രമല്ല, ഏററിയ കഷ്ടനഷ്ടങ്ങളെ സഹിച്ചും ഇക്കാൎയ്യത്തിൽ മുന്നിട്ടുനിന്നു ശ്രമിക്കുന്നതു ത

ത്തൽരാജ്യങ്ങളിലെ ഗവൎമ്മെൻറുകൾക്ക സാമാന്യമല്ലാത്ത ഒരു ആശ്വാസമായിതീരുന്നുണ്ട്. കൊച്ചിയിൽത്തന്നെ പള്ളിക്കൂടങ്ങളിൽ ൩൦ ശതമാനവും കത്തോലിക്കരുടെ വകയാണ്. തിരുവിതാംകൂറിൽ ഇതിലും കൂടുതൽ തുക വരുമെന്നുള്ളതിനു ആക്ഷേപമില്ല. എന്നാൽ ഈ പരോപകാരകൃത്യത്തിനു പുറപ്പെടുന്ന മാനേജരന്മാൎക്ക ഗവൎമ്മെൻറിൽനിന്നു ലഭിക്കുന്ന പ്രത്യുപകാരവും കൃതജ്ഞതയും ഏതുതരത്തിലുള്ളതാണെന്നു അനുഭവിച്ചിട്ടുള്ളവൎക്കേ അറിയാവൂ. ചോദിക്കാനാളില്ലാതെ വന്നാൽ ഈ നില എത്രത്തോളം ചെല്ലുമെന്നുള്ളതും കണ്ടുതന്നെ അറിയണം. കൊച്ചിയിലെ കത്തോലിക്ക മാനേജരന്മാരുടെ ഈ സംഘം ഇതിനു പൎയ്യാപ്തമായ ഒരു സ്ഥാപനമാണെന്നു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കയും, അതിനു നിരന്തരമായ അഭിവൃദ്ധി ആശംസിക്കയും ചെയ്തുകൊള്ളുന്നു. തിരുവിതാംകൂറിലെ ഗ്രാൻറ് സ്കൂൾ മാനേജരന്മാരുടെ ശ്രദ്ധ കാലാതിപാതംകൂടാതെ ഇതിൽ പതിഞ്ഞുകണ്ടാൽ കൊള്ളാമെന്നുണ്ട്.

### 2. കത്തോലിക്കാ വിദ്യാഭ്യാസ സംഘ നിയമങ്ങൾ.

ആലപ്പുഴവച്ചു നടന്ന കേരളീയ കത്തോലിക്ക കോൺഗ്രസവസരത്തിൽ പ്രോൽഘാടനം ചെയ്യപ്പെട്ട കത്തോലിക്കാ വിദ്യാഭ്യാസ സംഘത്തിൻെറ ഈ നിയമങ്ങൾ ഒരാവൎത്തി വായിച്ചു നോക്കുന്ന ഏതു സഹൃദയനും തൽപ്രയോക്താവായ റവ. ഫാദർ മെനേസ്സീസ് അവൎകളുടെ അഗാധമായ ഔദാൎയ്യ ബുദ്ധി അതിൽ പ്രതിബിംബിച്ചു കാണാവുന്നതാണ്. വിദ്യാഭ്യാസ ചെലവുകൾ പ്രതിദിനം വൎദ്ധിച്ചുവരുന്ന ഇക്കാലത്തു നിൎദ്ധനത നിമിത്തം പഠിനം നിൎവ്വഹിപ്പാൻ അപ്രാപ്തന്മാരായി നടക്കുന്ന നല്ല ബുദ്ധിശക്തിയുള്ള കുട്ടികളെ ധനസഹായം ചെയ്തു പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഈ സംഘ ഭാരവാഹികളുടെ ശ്രമം എത്ര അനുഗ്രഹീതമാണെന്നു പറയേണ്ടതില്ലല്ലൊ. ഉദാരമതികളായ സജ്ജനങ്ങളുടെ സഹായ സഹകരണങ്ങൾ ഈ സംരംഭത്തിനു ഉണ്ടായിക്കാണ്മാൻ ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

---

## വർത്തമാനസംഗ്രഹം.

### കേരളം.

റവ. ഫാദർ ഒനോരേ എസ്. ജെ. അവർകൾക്ക തിരുവനന്തപുരത്തുവച്ചു നേരിട്ട അസ്വാസ്ഥ്യം നീങ്ങിയതായും യൂനിവേർസിററി കമ്മിററിസംബന്ധിച്ച അന്വേഷണങ്ങൾക്കായി അദ്ദേഹവും ആലുവാ മുതലായ സ്ഥലങ്ങളിലേക്ക പുറപ്പെട്ടിരിക്കുന്നതായും അറിയുന്നു.

× × ×

കൊച്ചി ദിവാൻജി അവർകളുടെ ആദ്ധ്യക്ഷത്തിൽ കഴിഞ്ഞ ആഴ്ച തൃശൂരു വച്ചുകൂടിയ അവിടത്തെ പൌരപ്രമാണികളുടെ ഒരു യോഗത്തിൽ കേരളീയ സൎവ്വകലാശാലയെപ്പററി ഗൌരവമായ ചില ആലോചനകൾ നടന്നിരിക്കുന്നു.

× × ×

മദ്രാസ് എക്സിക്യൂട്ടീവ് മെമ്പർ സർ ചാറൽസ് ടോഡ്ഹണ്ടർ അവർകൾ കഴിഞ്ഞമാസത്തിൽ പത്നീ സമേതം തൃശൂർ വലിയപള്ളി സന്ദൎശിച്ച അവസരത്തിൽ അതു ഒരു കത്തോലിക്കാ ദേവാലയമാണെന്നു തോന്നുമല്ലോ എന്നു പ്രസ്താവിച്ചതായി അറിയുന്നു.

× × ×

തിരുവിതാംകൂറിലെ കഴിഞ്ഞ സ്കൂൾലീവിങ്ങ് പരീക്ഷയിൽ 77 ശതമാനം കുട്ടികൾ വിജയം പ്രാപിച്ചിട്ടുള്ള എടത്വാ സെൻറ് അലോഷ്യസ് ഹൈസ്കൂളാണ് സംസ്ഥാനത്തു ഒന്നാമത്തതായി നില്ക്കുന്നതെന്നു കാണുന്നു.

× × ×

പുത്തൻപള്ളി സെമിനാരിയിൽ ഇക്കൊല്ലം ചേൎന്നിട്ടുള്ള വൈദിക വിദ്യാൎത്ഥികളിൽ രണ്ടു ബി. ഏ. ഓണേഴ്സ് കാരും ഒരു ബി. ഏ. ക്കാരനും ഉള്ളതായി അറിയുന്നതിൽ സന്തോഷിക്കുന്നു.

× × ×

കൈപ്പുഴകരയുടെ മദ്ധ്യ ഭാഗത്താ

യി പണിചെയ്തിട്ടുള്ള ഒരു കപ്പേളയിൽ ജൂൺ 10-ാനു- ഞായറാഴ്ച കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഒരു തിരുഹൃദയ സ്വരൂപം സ്ഥാപിച്ചു കരമുഴവൻ ആഘോഷമായി തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചിരിക്കുന്നു.

× × ×

ബ്രിട്ടീഷ് കൊച്ചിയിലെ ഡെപ്യൂട്ടി കലക്ടരായിരുന്ന നാരായണക്കിണി ബി. ഏ. ബി. എൽ. അവർകൾ മകളുടെ വിവാഹം പ്രമാണിച്ചു സ്വദേശമായ മംഗലപുരത്തിനു പോയിട്ടു കുടുംബസമേതം തിരികെ എർണാകുളത്തു വന്നു ഒരു മോട്ടോർബോട്ടുവഴി കൊച്ചിയിലേക്കു കടക്കയിൽ ബോട്ടുമുങ്ങി അദ്ദേഹവും ഭാര്യയും പരലോകപ്രാപ്തരായിരിക്കുന്നു.

× × ×

കാവാലത്തു ചാലയിൽ രാമകൃഷ്ണപ്പണിക്കരവർകളുടെ ഷഷ്ടിപൂർത്തിമഹോത്സവം ഇടവം 25, 26, 27, എന്ന തീയതികളിലായി ഘോഷിച്ചതിൽ അവിടെയുള്ള ക്രിസ്ത്യാനികളും ഒരു പ്രധാന ഭാഗം എടുത്തതായി അറിയുന്നു.

× × ×

തിരുവിതാംകൂറിൽ ആകെ 44 ഹൈസ്കൂളുകളുള്ളതിൽ 18 ഗവൎമ്മെണ്ടു സ്കൂളുകളും 26 ഗ്രാൻറു സ്കൂളുകളുമാണു. ഗ്രാൻറുസ്കൂളുകളിൽ 23 ക്രിസ്ത്യാനികളുടെ വകയും 3 ക്രിസ്ത്യേതരന്മാരുടേതുമാകുന്നു. ക്രിസ്ത്യാനികളുടേതിൽ 12 കത്തോലിക്കരു നടത്തുന്നതും, 11 മററുപല വകുപ്പുകാരായ ക്രിസ്ത്യാനികളാൽ നടത്തപ്പെടുന്നതുമാണെന്നു കാണുന്നു.

\+ + +

ക്രിസ്തുമതം സ്വീകരിക്കുന്ന അധഃകൃതജാതിക്കാർക്കു സ്കൂൾഫീസു ഒഴിവുകൊടുക്കുന്നതല്ലെന്നു തിരുവിതാംകൂർ ഗവൎമ്മെണ്ടു ചെയ്ത ആലോചനാരഹിതമായ നിശ്ചയത്തെ പിൻവലിച്ചിരിക്കുന്നു.

## ഇൻഡ്യാ.

ഡലഗാഡപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ജൂൺമാസം 20-ാംനു- ഊട്ടക്കമൻഡിൽ നിന്നു ബംഗളൂരിൽ മടങ്ങി എത്തിയിരിക്കുന്നു.

\+ + +

അസ്വാസ്ഥ്യം നിമിത്തം ബംഗളൂർക്കു പോയിരുന്ന മദ്രാസ് മെത്രാപ്പോലീത്താ തിരിച്ചെത്തിയിരിക്കുന്നു. എങ്കിലും അദ്ദേഹത്തിൻെറ സുഖക്കേടു നീങ്ങിയിട്ടില്ലാത്തതിനാൽ വികാരി ജനറാൾ ഫാദർ ക്രെയിൽമാൻസ് അവർകളെ തൽക്കാലം അഡ്മിനിസ്ട്രെയിററരായി നിയമിച്ചിരിക്കുന്നു.

\+ + +

മംഗലാപുരത്തു മിലാഗ്രിസ് പള്ളിയിൽ വി. അന്തോനീസിൻെറ ഭക്തി ആരംഭിച്ചതിൻെറ രജത ജൂബിലി കഴിഞ്ഞ ആഴ്ചയിൽ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു.

\+ + +

ഇൻഡ്യാ വൈസറോയി റീഡിങ്ങുപ്രഭു അവർകൾ ജോലി ഒഴിയാൻ പോകുന്നതായി കേട്ട ശ്രുതി അടിസ്ഥാനരഹിതമാണെന്നു പ്രസ്താവമുണ്ടായെങ്കിലും ഡെവോൺഷയർ പ്രഭു അവർകളെ വൈസറോയി ആയി നിയമിപ്പാൻ ബലമായ ആലോചനയുള്ളതായി ഒടുവിൽ കിട്ടിയ കമ്പിവൎത്തമാനങ്ങളിൽ കാണുന്നു.

## ഇററലി

മാർപ്പാപ്പാ തിരുമേനിയും ജോർജ്ജു ചക്രവൎത്തിയുമായി നടന്ന കൂടിക്കാഴ്ച 20 മിനിട്ടു നേരത്തേക്കു ദീൎഘിക്കയുണ്ടായി.

## ഇംഗ്ലണ്ടു

ഇററലി രാജാവും രാജ്ഞിയും അടുത്ത സെപ്ററമ്പർമാസത്തിൽ പ്രതിസന്ദൎശനാൎത്ഥം ലണ്ടനിൽ എത്തുമെന്നറിയുന്നു.

\+ + +

അടുത്ത ഓഗസ്റ്റ്മാസത്തിൽ ബർമിങ്ങാമിൽവച്ചു നടക്കാനിരിക്കുന്ന ഇംഗ്ലണ്ടിലെ കത്തോലിക്കാ കോൺഗ്രസ്സിൽ "ഇൻഡ്യയിലെകത്തോലിക്കാസഭ"യേപ്പററി ഒരു പ്രസംഗംചെയ്യുന്നതിനു നമ്മുടെ മി. പി. ജെ. തോമസ്സിനോടു ഭാരവാഹികൾ ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. അടുത്തു ആഘോഷിപ്പാനിരിക്കുന്ന റോയൽ ഏഷ്യാററിക്കു സൊസയിററിയുടെ ശതവൎഷഘോഷത്തിൽ 'ദക്ഷിണഭാരതത്തിലെ പുരാതന ക്രിസ്തീയസഭ' എന്ന വേറൊരു പ്രസംഗവും അദ്ദേഹം ചെയ്യുന്നതാണ്.

# മനോഗുണവിവരങ്ങൾ

ഞാനും എൻെറ ഭർത്താവും തിരുഹൃദയത്തോടു അപേക്ഷിച്ച രണ്ടു കാര്യങ്ങൾ എളുപ്പത്തിൽ സാധിച്ചുകിട്ടിയതിനു ഉപകാരസ്മരണ

എ. എൽ. തിരുവനന്തപുരം.

മാതാവിൽനിന്നും ലഭിച്ച പ്രത്യേക മനോഗുണത്തിനു ഇതാ പരസ്യമായി ഉപകാരസ്മരണ ചെയ്യുന്നു.

ജെ. കെ. എൻ. തൊടുപുഴ.

മാതാവിൻെറ സഹായത്താൽ ഇക്കൊല്ലം പരീക്ഷയിൽ പാസ്സായതിന്നു.

കെ. സി. ആർ.

വി. യൌസേപ്പു പിതാവിൻെറ പ്രത്യേക മനോഗുണത്താൽ കഴിഞ്ഞ കൊല്ലം പരീക്ഷയിൽ വിജയിയായതിൻെറ കൃതജ്ഞത.

കെ. വി. ജെ. ചേർത്തല.

ചെങ്ങളം വി. അന്തോനീസിൻെറ സഹായത്താൽ എൻെറ കുട്ടിയുടെ തളർച്ച സുഖപ്പെട്ടിരിക്കുന്നു.

കെ. സി. വാഴക്കുളം.

പരി. കന്യാസ്ത്രീമറിയത്തിൻെറയും വി. അന്തോനീസിൻെറയും മാദ്ധ്യസ്ഥത്താൽ ലഭിച്ച മനോഗുണത്തിനു ഉപകാരസ്മരണ.

എം. ജി. അങ്കമാലി.

ഞാൻ കഴിഞ്ഞ കൊല്ലം വി. യൌസേപ്പു പിതാവിൻെറ സഹായത്താൽ പരീക്ഷയിൽ വിജയിയായതിനു, നേർന്നിരുന്നപ്രകാരം കുസുമംവഴി ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു.

ജെ. കെ. കാവാലം.

# ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

കൊറവിലങ്ങാട്ടു ഇടവക നിധീരിക്കൽ അബ്രാഹം അവർകളുടെ മാതാവു അന്നം. ജൂൺ ൩-ാം ബുധനാഴ്ച ൩൮ വയസ്സ്.

കൊറവിലങ്ങാട്ടു പള്ളി ഇടവക ആശാരിപറമ്പിൽ ചെറിയാൻ അവർകളുടെ മകൻ ചാണ്ടിക്കുഞ്ഞു ജൂൺ ൮-ാം തിരുഹൃദയത്തിരുനാൾ ദിനം.

പാലാ ഇടവക മാളിയേക്കലായ കപ്പലുമാക്കൽ ബ. മത്തായി അച്ചൻെറ ജ്യേഷ്ഠസഹോദരൻെറ ഭാര്യ ഏലിശാ ജൂൺ ൧൧-ാം ൬൭ വയസ്സ്.

കുടമാളൂർ ഇടവക മുട്ടത്തുപാടത്തു ബ. യൌസേപ്പച്ചൻ അവർകളുടെ സഹോദരപുത്രൻ വക്കി കൊച്ചിപ്പൻ ജൂൺ ൧൫-ാം ബുധനാഴ്ച ൨൮ വയസ്സ്.

പാലാ ഇടവക നാഗനൂലിൽ ബ. ഇട്ടിച്ചെറിയ അച്ചൻ ൧൯-ാം തിങ്കളാഴ്ച ൭൨ വയസ്സ്.

# സിദ്ധൌഷധക്കുറിപ്പുകൾ.

പാമ്പുകടിക്കു.

൧. പാമ്പു കടിച്ച ദിക്കിൽ സൂചികൊണ്ടോ മറേറാ കുത്തി വ്രണപ്പെടുത്തി, അവിടെ പുകയില ചുട്ടുകരിച്ചു ആ ഭസ്മം പുരട്ടണം. കുറച്ചു കഴിഞ്ഞാൽ ചുമന്ന നിറത്തിൽ ഒരു വെള്ളം ആ വ്രണത്തിൽക്കൂടെ വന്നുതുടങ്ങും. വിഷം ആ വെള്ളത്തിൽക്കൂടി ഇറങ്ങിപ്പോകയും ചെയ്യും.

൨. രണ്ടോ മൂന്നോ പുകയില ഇടങ്ങഴി വെള്ളത്തിൽ തിളപ്പിച്ചു ഇരുനാഴിയാക്കി വിഷം ഏററയാളെ കുടിപ്പിക്കു. അരമണിക്കൂറിനുള്ളിൽ വിഷമൊക്കെ ഛർദ്ദിച്ചുപോകും.

൩. ചൂടുവെള്ളത്തിൽ സാധാരണ പുകയിലപ്പൊടി ഇട്ടു കലക്കി കുടിക്കാൻ കൊടുത്താലും മേൽപ്രകാരമുള്ള നിവൃത്തികിട്ടും.

"ന. ദീപിക."


Printed and published for the Proprietor by T. K. Joseph, at the
St. Joseph's Press, Mannanam, 1923

# PETER WATCH COMPANY

POST BOX No. 27. MADRAS.

## The World's Record Time-Keeper

### കയ്യിൽ കെട്ടുന്ന വിശേഷതരം വാച്ചുകൾ



ശരിയായി സമയം കാണിക്കുന്ന ഉറപ്പുള്ള ഒരു വിശേഷവാച്ചു വേണമെന്നുള്ളവർ ഞങ്ങളുടെ Electro-gold Wrist Watches ഒന്നു വാങ്ങിച്ചുനോക്കട്ടെ. അതിന്റെ പണിവിശേഷത ഏതു വിദഗ്ധനും സശിരകമ്പം സമ്മതിക്കും. കണ്ടാൽ എത്രയോ മനോഹരം! കൃത്യമായി സമയം കാണിക്കുന്നതിൽ ഇതിലും വിലകൂടിയ പല വാച്ചുകളേയും അതു ജയിച്ചിരിക്കുന്നു. മൂന്നു കൊല്ലത്തേ ഗാറന്റിയോടുകൂടി വിൽക്കപ്പെടുന്നു.

| വിലവിവരം. | രു. | ണ | പൈ. |
|---|---|---|---|
| സ്വർണ്ണം പൂശിയതിനു | 8 | 0 | 0 |
| ശുദ്ധവെള്ളികൊണ്ടുള്ളതിനു | 9 | 0 | 0 |
| നിക്കൽവെള്ളി „ | 6 | 8 | 0 |

രാത്രിയിൽ കാണത്തക്കവണ്ണം റേഡിയം വച്ചതിനു് മേൽക്കണ്ട വിലക്കു പുറമെ ഒന്നര രൂപാകൂടെ കൊടുത്താൽ മതിയാകും.

## Best Diamond Rings.

### കല്ലു പതിച്ച മോതിരങ്ങൾ





കനേഡിയൻ സ്വർണ്ണം കൊണ്ടുണ്ടാക്കി തങ്കം പൂശിയിട്ടുള്ളതും അഞ്ചു കല്ലുകൾവീതം പതിച്ചിട്ടുള്ളതുമായ ഈ മോതിരങ്ങൾ ഇംഗ്ലീഷ് പണിവിശേഷതയുടെ ഉത്തമസാക്ഷ്യമാണ്. ആരു കണ്ടാലും ഒരു 300 ഉറുപ്പിക വില പറയും.

വില ഒരെണ്ണത്തിനു 2 ക. മാത്രം.
മൂന്നു എണ്ണത്തിനു 5 രു. 8 ണ.

## Best Hollow Ground Razor.

### മേൽത്തരം ക്ഷൌരക്കത്തികൾ.



മുകളിൽ കാണുന്ന സാമാനങ്ങളെല്ലാം അടങ്ങിയ പെട്ടി ഒന്നുക്കു വില ആറു രൂപാ മാത്രം.

സാമാനങ്ങൾ:— പേരുകേട്ട ഒന്നാംതരം ഹോളോഗ്രൌൻഡ് കത്തി 1, ബ്രഷ് 1, മുഖകണ്ണാടി 1, ഷെവിങ്ങ് സ്റ്റിക്ക് 1, സ്റ്റ്റാപ്പ് 1, എണ്ണക്കുപ്പി 1, കത്തികല്ല് 1, കത്രിക 1, വെള്ളപ്പാത്രം 1. ഈ നല്ല അവസരം നഷ്ടപ്പെടുത്തികളഞ്ഞാൽ വീണ്ടു കിട്ടുന്നതല്ല.

ഉടനെ അപേക്ഷിക്കുക.

പീറ്റർ വാച്ചുകമ്പനി.

പോസ്റ്റ്ബോക്സ് നമ്പർ 27.

മദ്രാസ്.

☞ അപേക്ഷിക്കുമ്പോൾ 'കമ്മേലകുസുമ'ത്തിൽ പരസ്യം കണ്ടു എന്നു അറിയിക്കുക.

Registered No. M. 365. No: T. 54.


## കുർബാനക്കുപ്പായം മുതലായ പള്ളിസാമാനങ്ങൾ വില്പാനുണ്ട്.

—.—.—

ഫ്രാൻസിൽനിന്നു വരുന്ന പണികളോടു തുല്യമെന്നു അതിശയോക്തികൂടാതെ തീർത്തു പറയാവുന്നതും വിദഗ്ദ്ധന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതും വ്യവസായപ്രദർശനത്തിൽ തിരുവിതാംകൂർഗവൎമ്മെണ്ടിൻെറ സർട്ടിഫിക്കേറ്റു ലഭിച്ചിട്ടുള്ളതും, കല്ലുകൾ പതിച്ചും അല്ലാതെയുമുള്ള ഒന്നാംതരം ചിത്രപ്പണികൾ, പലതരം പട്ടും കസവും നൂലുകൾകൊണ്ടുള്ള ചിത്രപ്പണികൾ മുതലായവ ചെയ്തിട്ടുള്ള കുബ്ബാനക്കുപ്പായം, കാപ്പ, ഉത്തരീയം എന്നിവ തയ്യാറുണ്ടു. ഗുണത്തെ അപേക്ഷിച്ചു വില ഏററം മിതം.

൪൦ മുതൽ ൭൫ രൂപാവരെ വിലയുള്ള സാധാരണ കുപ്പായങ്ങളും, ൭൫ മുതൽ ൧൫൦ വരെ വിലയുള്ള വൂളൻനൂൽ ചിത്രപ്പണിക്കുപ്പായങ്ങളും, ൧൫൦ മുതൽ ൨൦൦ വരെ വിലയുള്ള കൂടിയതരം കുപ്പായങ്ങളും, ൨൦൦ മുതൽ ൨,൫൦൦ വരെ വിലയുള്ള റാസക്കൂട്ടങ്ങളും തീൎന്നിരിപ്പുണ്ടു്.

ആവശ്യക്കാരുടെ പ്ലാൻ അനുസരിച്ചു് ഏതു പണികളും ചെയ്തുകൊടുക്കും.

കാസാ, കുസ്തോദി മുതലായ ലോഹസാമാനങ്ങളും, കൊത്തുരൂപങ്ങൾ, സക്രാരി മുതലായ മരസാമാനങ്ങളും പ്രത്യേക ഖരാറിന്മേൽ ചെയ്യിച്ചുകൊടുക്കും. കണ്ടു തൃപ്തിപ്പെട്ടിട്ടു എടുക്കേണ്ടവൎക്കു കൂടിയ കുബ്ബാനക്കുപ്പായങ്ങൾ ഞങ്ങളുടെ ചെലവിൽ അയച്ചു കാണിച്ചുകൊടുക്കും.

ഉയൎന്നതരം കുബ്ബാനക്കുപ്പായങ്ങൾ ൫൦൦ രൂപായിൽ കൂടുതൽ സാമാനങ്ങൾ എടുക്കുന്നവൎക്കു നൂറുക്കു പതിനഞ്ചു കമ്മീഷൻ കൊടുക്കാം.

കൂടാതെ ഈട്ടി, തേക്ക്, പ്ലാവ് മുതലായവ കൊണ്ടുള്ള അൽമാരി, മേശ, കസേര എന്നിവയും വില്ക്കാനുണ്ടു്.

മാനേജർ, സെൻറു തോമസ് ഇൻഡസ്റ്റ്റിയൽ സ്കൂൾ,
ചങ്ങനാശേരി – തിരുവിതാംകൂർ.

---

## സെൻറ് ആൻറനിയുടെ വണക്കമാസം.

പുണ്യവാൻെറ പടത്തോടുകൂടിയതു്. വല അണ ൩ മാത്രം. അപേക്ഷിക്കേണ്ടും മേൽവിലാസം.

എച്ച്. ഡി. സാൾചാ,

ക്രൂ അഞ്ചൽ. പെരുമാൽതുറ, [illegible]ചിറയിൻകിഴ.

ക തപാൽ. പെരുമാൽതുറ, ആററിങ്ങൽ.

---

## മാർ തോമ്മാ ക്രിസ്ത്യാനികൾ (രണ്ടാംഭാഗം)

റവ. ഫാദർ ബൎണ്ണാർഡ് സി. ഡി. അവർകളുടെ ചിരപ്രതീക്ഷിതമായ ഈ കൃതി ഇതാ അടിച്ചുകഴിഞ്ഞിരിക്കുന്നു. വില്പാൻ തയ്യാർ.

വില രൂപാ 1, അണ 4.

സുപ്രണ്ടു്, സെൻറു ജോസഫ് പ്രസ്സ് മാന്നാനം.